For Private Circulation Only

May 2026

ആഗമനാരുണൻ

HOLY BIBLE

Vol.73

" അവന്റെ നാമത്തെ ആരാധിപ്പാൻ; ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ അറിയിപ്പിൻ " (1ദിന. 16:8)

No.5

ലോകത്തിൽ നിങ്ങളുടെ പരിപാടികളിൽ നിന്നും മടങ്ങി വരാനുള്ള സഹായം

By Henry Blackaby

നഷ്ടപ്പെട്ട ലോകത്തിൽ വിശുദ്ധിയുടെ പെരുവഴിയായിരിക്കുവാൻ ദൈവം തന്റെ ജനത്തെ തങ്കലേക്ക് മടങ്ങിവരാൻ വിളിക്കുന്നു. നാം വിശുദ്ധിയുടെ ഒരു പെരുവഴി ആയിത്തീരുന്നതിന് മുമ്പ്, നാം അറിയുമ്പോൾ, നമ്മുടെ പാപം ദൈവത്തിന്റെ ചിന്താഗതിയിൽ മനസിലാക്കേണ്ടതാണ്. ആ നിലയിൽ ഒരു ബന്ധം നാം കർത്താവുമായി ഉണ്ടാക്കിയെടുക്കേണ്ടതാണ്. ദൈവജനത്തിന്റെ നടുവിൽ ഒരു ഉണർവ്വ് വ്യാപരിക്കേണ്ടതാണ്. നമ്മുടെ ജീവിതത്തിൽ, ഹൃദയത്തിൽ അറിഞ്ഞിട്ടില്ലാത്ത ഒരു ഉണർ വ്വ് ഉണ്ടാക്കിയെടുക്കേണ്ടതാണ്. ഒരു അത്യാവശ്യം നമ്മിൽ ഉണ്ടാക്കിയെടുക്കേണ്ടതാണ്. ഈ അത്യാവശ്യത്തിന് കുറഞ്ഞത് രണ്ട് നിർദ്ദേശങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ദൈവവചനം കൃത്യമായി നാം അറിയേണം, ദൈവത്തെ ഉപേക്ഷിക്കുന്ന രാജ്യത്തെ ദൈവം ന്യായം വിധിക്കും. നാം ദൈവത്തിന്റെ ന്യായവിധിയുടെ കീഴിൽ ആണെന്ന് അറിഞ്ഞിരിക്കേണം.

ഞാൻ വിശ്വസിക്കുന്നതിന്റെ ആരംഭം കണ്ടുപിടിക്കാൻ ശ്രമിക്കുന്നത് ഒരു രാഷ്ട്രീയ പാപമാണ്, 1960 വരേണം. ആ ദശാബ്ദത്തിൽ അമേരിക്കയെ ദൈവത്തിന്റെ സംരക്ഷണ വലയത്തിൽ നിന്നും നീക്കിയതായി എനിക്ക് തോന്നി. ദൈവം വിലക്കിയ കാര്യങ്ങൾ ആ നാളുകളിൽ അമേരിക്കതിരികെ എടുത്തുവോ എന്ന് എനിക്കു തോന്നി. അനീതിയുടെ തിരുത്തലുകൾ സമൂഹത്തിൽ പ്രവേശിച്ചുവോ എന്ന എനിക്ക് തോന്നി. ഒരു ആഴമായ ഇറങ്ങിപ്പോക്ക് ആ നാളുകളിൽ സഭകളിൽ ഉണ്ടായി. ആ ദിവസങ്ങളിൽ ദൈവത്തിന്റെ സംരക്ഷണ വലയം പൊട്ടി, ദൈവം നമ്മെ പാപത്തിന്റെ ഫലങ്ങൾ അനുഭവിപ്പാൻ നമ്മെ തള്ളിക്കളഞ്ഞു.

ആ കാലഘട്ടത്തെക്കുറിച്ച് ദൈവം ഇങ്ങനെ അരുളിച്ചെയ്യുന്നു, " എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയും എങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നും കേട്ട് അവരുടെ പാപങ്ങളെ ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും" (2ദിന. 7:14). ഈ അനുഗ്രഹിക്കപ്പെട്ട വേദഭാഗം അമേരിക്കയുടെ വീണ്ടെടുപ്പിനായി കാത്തിരിക്കുന്നു. രാജ്യത്തിന്റെ രക്ഷയ്ക്ക് ചിലത് വാഷിംഗ്ടണിലോ ഹോളിവുഡ്- ലസെ ചെയ്യുവാനുണ്ടാകും. ദൈവജനത്തിന് ചിലത് ചെയ്യുവാനുണ്ടാകും. ദൈവത്തിന്റെ ശക്തി ശരിയായി ഈ വിഷയത്തിൽ ഇടപെടുന്നില്ല എങ്കിൽ, അമേരിക്കൻ ജനതക്ക് ഒരു വിടുതലിനുവേണ്ടി നില്ക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് വർദ്ധിച്ച അളവിൽ ദൈവചനത്തിൽ എ ന്തു പറയുന്നു എന്ന് ഗ്രഹിക്കേണം, നാം ഒരത്യാവശ്യഘട്ടത്തിൽ എന്നപോലെ നാം ദൈവത്തിന്റെ ന്യായവിധിയുടെ ദിവസത്തിനായി കൂടുതൽ അടുത്തിരിക്കുന്നു.

ഉണർവ്വും പ്രാർത്ഥനയും

ദൈവത്തിന്റെ ജനം പ്രാർത്ഥിക്കുമ്പോൾ ദൈവം കേൾക്കുന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ, പ്രതികരിക്കുന്നുവോ, ഒരു ആഴമായ വ്യത്യാസം ഉണ്ടാക്കും എന്ന് വിശ്വസിക്കുന്നുവോ? നിങ്ങൾ നിങ്ങളുടെ അവസ്ഥയെ ഓർത്തു പ്രാർത്ഥിക്കാറുണ്ടോ? ഓർക്കുക, ദൈവം പറഞ്ഞു, യഹോവയുടെ കണ്ണു തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കുവേണ്ടി തന്നെത്താൻ ബലവാൻ എന്ന് കാണിക്കേണ്ടതിന് ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു " (2ദിന. 16:9). കൂടാതെ അവിടുന്ന് ഇങ്ങനെ പറഞ്ഞു, " നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു " (യാക്കോ. 5:15). യേശു പറഞ്ഞു, " നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ മഹത്വപ്പടുത്തേണ്ടതിന് ഞാൻ ചെയ്തുതരും " (യോഹ. 14:13). ഈ വാഗ്ദത്തങ്ങളോടുകൂടെ ദൈവജനത്തിന് രാജ്യത്തിന്റെ ചരിത്രം മാറ്റി മറിക്കാനുള്ള ഒരു പദ്ധതി കൂടെ നിങ്ങളുടെ സ്വന്തം ജീവിതത്തിലെ പ്രാർത്ഥനയാൽ അതു സംഭവിക്കും, നിങ്ങളുടെ വിവാഹത്തിൽ, നിങ്ങളുടെ കുടുംബത്തിൽ നിങ്ങളുടെ സഭയിൽ നിങ്ങളുടെ സംഘടനയിൽ ഇത് സംഭവിക്കുകയില്ലേ?

അമേരിക്കയിൽ ഉണർവ്വ് നടക്കേണം എങ്കിൽ അത് നിങ്ങളുടെ പ്രാർത്ഥനാ ജീവിതത്തിൽ ആശ്രയിച്ചിരിക്കുന്നു, അങ്ങനെ സംഭവിക്കുകയില്ലേ? നിങ്ങൾ അങ്ങനെ പറയും എങ്കിൽ, എന്റെ പ്രാർത്ഥനാ ജീവിതം അല്ല, നിങ്ങൾ നിങ്ങളുടെ പ്രാർത്ഥനാ ജീവിതത്തെ വ്യത്യാസപ്പെടുത്തേണം. പുതുക്കപ്പെട്ട ഒരു പ്രാർത്ഥനാ ജീവിതം ഉണ്ടാകേണ്ടതിന് ഒരു ലഘുവായ ഒരു വ്യക്തിപരമായ തെരഞ്ഞെടുപ്പിൻ വിഷയം ആവശ്യമാണ്. നിങ്ങളുടെ ജീവിതം എന്നത് നിങ്ങൾ ഉണ്ടാക്കിയിരിക്കുന്ന തെരഞ്ഞെടുപ്പിന്റെ ഫലമാണ്, നിങ്ങളുടെ സഭ നിങ്ങൾ ഉണ്ടാക്കിയിരിക്കുന്ന പ്രാർത്ഥനാ ജീവിതത്തന്റെ ഉല്പന്നമാണ്. നിങ്ങളുടെ പ്രാർത്ഥനായോഗം എന്നത്, സഭയിൽ നിങ്ങൾ ഉണ്ടാക്കിയെടുക്കുന്ന തെരഞ്ഞെടുപ്പിന്റെ പ്രതിഫലമാണ്. നമ്മുടെ രാജ്യം തെരഞ്ഞെടുപ്പുകൾ പ്രതിഫലിച്ചിട്ട് ദൈവത്തിന്റെ ജനം അവരുടെ ഇഷ്ടത്തിലും ദൈവവുമായുള്ള ബന്ധത്തിലും ക്രമീകരിക്കപ്പെടുന്നു.

ഇത് അനേക കാരണങ്ങളിൽ ഒന്നാണ്, അതുകൊണ്ട് ഇത്തരത്തിലുള്ള ദൂതുകൾ അത്യാവശ്യമായിത്തീരുന്നു. ഞാൻ വിശ്വസിക്കുന്നു. അത് ഒരു നറുക്കിട്ടെടുക്കലാണ്. ഒരു വസ്തുത എന്നത്,

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ലോകത്തിൽ നിങ്ങളുടെ പരിപാടികളിൽ മടങ്ങി വരാനുള്ള സഹായം

നിത്യത എന്നത് അനേകർക്ക് ഇതുപോലെയാണ്. നിങ്ങളുടെ സഭയിൽ വേണ്ടുവോളം ആളുകളുണ്ട്. അവർ ദൈവത്തോടടുപ്പം ഉള്ളവരായിരുന്നു.

ഞങ്ങളുടെ രാജ്യത്തിന്റെ നിയമങ്ങൾ പഠിക്കണം.

മാളിക മുറിയിൽ 120 പേരുണ്ടായിരുന്നു, അവർ പൂർണ്ണമായി ദൈവത്വത്തിന് സമർപ്പിച്ചവരായിരുന്നു. അവരെ റോമാസാമ്രാജ്യത്തിലെ ന ല്ലൊരു പങ്ക് ആളുകളെ ദൈവത്തിങ്കലേക്ക് നടത്തുവാൻ ദൈവം അവരെ ഉപയോഗിച്ചു (പ്രവർ. 1:15). 1904-ൽ ഇവാൻസ് റോബർട്ട്സ് എന്ന ഒരു മനുഷ്യൻ വെയിൽസിലുണ്ടായിരുന്നു. ആ കാലത്ത് പ്രത്യേക പ്രാർത്ഥനയുണ്ടായിരുന്നു, ദൈവം അവനെ ശക്തമായി ഉപയോഗിച്ചു. അനേകരോടുകൂടെ രാജ്യത്തുടനീളം പ്രാർത്ഥനകൾ നടത്തി 6 മസത്തിനകം 100000 പേർ കൂടിവന്നു. ആ പ്രാർത്ഥന 1904-ലെ വലിയ ഉണർവ്വിന് കാരണമാക്കി. അങ്ങനെ ആയിരക്കണക്കിന് ആളുകൾ മിഷൻ ഫീൽഡിലേക്കിറങ്ങി. റോബ്ർട്സ് ഇരുപത്താറു വയസുകാരൻ, പ്രാർത്ഥനയിലും ഉണർവ്വിലും കേന്ദ്രീകരച്ചു, അത് ഒരു വലിയ മിഷ്യനറി പ്ര സ്ഥാനമായി മാറി. നിങ്ങളുടെ ജീവിതത്തിലൂടെ ദൈവത്തിന് എന്തുചെയ്യുവാൻ കഴിയും? നിങ്ങളുടെ രാജ്യത്ത് ദൈവത്തിന്റെ ശക്തമായ ഇടപെടൽ ഉണ്ടാകേണ്ടേ? നിങ്ങൾ വിശ്വസിക്കുന്നുവോ, ദൈവത്തിന് നിങ്ങളിലൂടെ പ്രവർത്തിക്കാൻ കഴിയുമെന്ന് അത്തരത്തിൽ ഒരുവനായിരിക്കുവാനാഗ്രഹിക്കുന്നുവോ? ഈ ദൂത് വായിച്ചിട്ടു അത്തരത്തിൽ ഒരു മനുഷ്യനായിത്തീരുവാൻ ഏല്പിക്കുമോ?

ഈ സമയം തിടുക്കത്തോടെ

മറ്റൊരു കാരണം, സമ്പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കുന്നു എന്നുള്ളതിന് പറയുന്നത്. ഞാൻ വിശ്വസിക്കുന്നത് ഈ തലമുറയിൽ തന്നെ കർത്താവ് വരും എന്നാണ്. ഞാൻ വിശ്വസിക്കുന്നു, ഭൂമിയുടെ അറ്റങ്ങളിലേക്ക് പോകുവാൻ ദൈവം വിളിക്കുന്ന അവസാന തലമുറ ഇതായിരിക്കാം. അനേകം നേതാക്കന്മാരുമായി കഴിഞ്ഞവർഷങ്ങളിൽ നടത്തിയ ചർച്ചയിൽ ഒരു ലോക്കൽ സഭയുടെ പാസ്റ്ററായാലും, ഒരു മിനിസ്ട്രിയുടെ നേതാവായാലും, ഒരു സംഘടനാ നേതാവായാലും നാം ജീവിക്കുന്ന ഈ തലമുറയിൽ നമ്മുടെ കർത്താവു വരും എന്നു തന്നെയാണ്.

നിങ്ങൾക്ക് വിശ്വസിപ്പാൻ കഴിയുമോ, പിതാവ് സമയം അറിയുന്നു, ഒരു ദിവസം,

(ശേഷം 3-ാംപേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ഒീയ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" യഹോവയിൽ തന്നെ ആശ്രയിക്കയും യഹോവ തന്നെ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിനരികെ നട്ടിരിക്കുന്നതും ആറ്റരികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും. ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല. അതിന്റെ ഇല പച്ചയായിരിക്കയും വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും. ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷവുമുള്ളത്. അത് ആരാഞ്ഞറിയുന്നവൻ ആർ? യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്ത് അന്തരംഗങ്ങളെ നിരീക്ഷിച്ച് ഓരോരുത്തന് അവനവന്റെ നടപ്പിനും പ്രവർത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു " (യിരെ. 17:710).

2026 ഏപ്രിൽ മാസം നമ്മെ വിട്ട് കടന്നു പോയി. മെയ് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നാം സന്തോഷത്തോടും ഉത്സാഹത്തോടും ദൈവത്തിന്റെ ഇഷ്ടം അനുസരിക്കുമ്പോൾ ദൈവത്തിന്റെ വഴി നമുക്ക് നഷ്ടമാകയില്ല. നമ്മുടെ ബലഹീനതകളെ കർത്താവ് അറിയുന്നു. കർത്താവിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ വസിച്ചുകൊണ്ട് ആ അത്യന്തശക്തിയെ നമ്മുടെ ജീവിതത്തിലൂടെ വെളിപ്പെടുത്തി യേശുവിനുവേണ്ടി ശക്തിയോടെ നിൽക്കുവാൻ കർത്താവ് നിങ്ങൾക്ക്ഗ് കൃപ നൽകട്ടെ.

ദൈവത്തിനിഷ്ടമില്ലാത്ത കാര്യങ്ങൾ നമ്മിലുണ്ടെങ്കിൽ അത് പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു. ദൈവത്തിന്റെ ആത്മാവ് സത്യത്തിന്റെയും വിശ്വാസത്തിന്റെയും കൃപയുടെയും ജ്ഞാനത്തിന്റെയും വിശുദ്ധിയുടെയും ആത്മാവാണ്. കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെട്ടുകൊണ്ട് ഓരോ ദിവസവും ജീവിക്കുവാൻ കർത്താവ് നിങ്ങൾക്ക് കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

(2-ാംപേജിന്റെ തുടർച്ച)

ലോകത്തിൽ നിങ്ങളുടെ പരിപാടികളിൽ മടങ്ങി വരാനുള്ള സഹായം

അവിടുന്ന് പറയും, മതി-സമയം ഇനി ഇല്ല; എന്റെ പുത്രൻ മേഘങ്ങളിൽ വരും, ന്യായവിധി ആരംഭിക്കും, നിത്യത ആരംഭിക്കും, അവിടുന്ന് തന്റെ ജനത്തിന്റെ ഹൃദയങ്ങളിൽ ഒരു തിടുക്കം, സഭകളിൽ, സമയം ചുരുക്കം, സമയം തീരാറായി, ആളുകൾ ഒരുങ്ങിയോ? നാം ജീവിക്കുന്ന ഈ കാലത്തിൽ നമ്മുടെ കർത്താവു വരും നിങ്ങൾ അത് വിശ്വസിക്കുന്നുവോ? പിതാവിന് ആ സമയം അറിയാം, തന്റെ പുത്രന്റെ വരവിൻ സമയം, ദൈവത്തിന്റെ പരിശുദ്ധാത്മാവ് അതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നമുക്ക് നൽകിയിരിക്കുന്നു, സമയത്തിന്റെ പ്രാധാന്യം എന്റെ ജനത്തെ അറിയിക്കുക, എന്റെ വചനം കേൾക്കുക, ഒരു പ്രത്യേക നിലയിലുള്ള ഒരു തിടുക്കം അവരുടെ ഹൃദയത്തിൽ കാണുന്നില്ലയോ? നശിച്ചുപോകുന്ന ഈ ലോകത്തിനുവേണ്ടി നിങ്ങളുടെ സമയം കളയരുതേ, നിത്യരാജ്യത്തിനുവേണ്ടി നമ്മുടെ വിലപ്പെട്ട സമയം ചെലവിടാം.

തലയിൽ നിന്നും ഹൃദയത്തിലേക്ക്

ദൈവം തന്റെ വചനത്തിലൂടെ നമ്മോട് സംസാരിക്കേണ്ടായോ, കാരണം ലോകത്തിന്റെ അറിവുകളൊന്നും മനുഷ്യജീവിതത്തെ വ്യത്യാസപ്പെടുത്തുവാൻ പര്യാപ്തമല്ല. നിങ്ങളുടെ തലയുടെ അറിവുകൾ നിങ്ങളുടെ ഹൃദയങ്ങളെ ചൂടാക്കി, വിശ്രമമില്ലാതെ രാവും പകലും നിങ്ങളെ ബദ്ധപ്പെടുത്തി, ദൈവം ഒരു വഴിയായി നിങ്ങളുടെ ജീവിതത്തിൽ വെളിപ്പെടുന്നതുവരെ പരിശ്രമിക്കുന്നു.

അനേകം ആളുകൾ പറയുന്നത് ഞാൻ കേൾക്കാറുണ്ട്, "അതെ, യേശു ദൈവപുത്രൻ എന്ന് ഞാൻ വിശ്വസിക്കുന്നു". എല്ലാ സത്യങ്ങളും ഒരു വ്യക്തിയുടെ തലയിൽ നിറഞ്ഞിരിക്കുന്നു, സാത്താനും അതുപോലെ വിശ്വസിക്കുന്നു, എന്നാൽ അവൻ ഒരു പടി കൂടി മുന്നിലാണ്. കുറഞ്ഞ പക്ഷം സാത്താൻ തന്റെ തലയിൽ ദൈവത്തെക്കുറിച്ചുള്ള അറിവുകൾ നിറെച്ചിരിക്കുന്നു, ഭയപ്പെടുകയും ചെയ്യുന്നു. ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി അവൻ മരിച്ചു എന്ന് അവൻ അറിയുന്നു. യേശു പാപമില്ലാത്ത ദൈവപുത്രൻ എന്ന് അവൻ അറിയുന്നു. അവിടുന്ന് ഉയിർത്തെഴുന്നേൽപിച്ച ശക്തി വിശ്വസിക്കുന്നവരുടെമേൽ പകർന്നിരിക്കുന്നു എന്ന് അവൻ അറിയുന്നു. അവിടുന്ന് തന്റെ ജനത്തിനുവേണ്ടി മദ്ധ്യസ്ഥചെയ്യുന്നു എന്ന് അവൻ അറിയുന്നു. അവിടുന്ന് മടങ്ങിവരും എന്ന് അവൻ അറിയുന്നു. ഈ അറിവുകൾ എന്റെയും നിന്റെയും തലയിലുണ്ട് എന്നാൽ വിശ്വസിക്കുന്നില്ല, ഭയപ്പെടുന്നതുമില്ല, ദൈവം നമ്മുടെ ജീവിതത്തിൽ അതു കാണിച്ചു തരുന്നതുവരെയും രാവും പകലും നമുക്ക് ഒരു വിശ്രമവുമില്ല.

2 കൊരിന്ത്യർ 1:20-ൽ നമ്മുടെ ജീവിതത്തിൽ ഒരു വ്യത്യാസം ഈ വർഷ കൊണ്ടു വരട്ടെ. ഈ വേദഭാഗം പറയുന്നു, "ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വു എന്നത്രേ! അതുകൊണ്ട് ഞങ്ങളാൽ ദൈവത്തിനു മഹത്വം ഉണ്ടാകുമാറ് അവനിൽ ആമേൻ എന്നും തന്നെ". നാം ക്രിസ്തുവുമായി ഒന്നായി ചേരുമ്പോൾ, തന്റെ പുത്രനെ നൽകികൊണ്ട് കാൽവറി ക്രൂശിൽ മരിച്ചുയിർത്ത, ദൈവത്തിന്റെ രക്ഷണ്യ വേലയിൽ നൽകിയ വേദപുസ്തകത്തിലെ ഓരോ വാക്യങ്ങളും നിങ്ങൾക്കു അതെ എന്ന് തന്നെ. ഇപ്പോൾ, അനേകർ തങ്ങളുടെ തലകൊണ്ട് അറിയുന്നു, എന്നാൽ ഞാൻ നിങ്ങളോട് പറയുന്നത്, ഇത് നിങ്ങളുടെ ഹൃദയങ്ങളെ എങ്ങനെ ത്രസിപ്പിക്കുന്നു എന്ന് അറിയുക. വാഗ്ദത്തം സത്യം എന്ന് നിങ്ങൾ അറിയുന്ന നിമിഷം, ഓരോ വാഗ്ദത്തങ്ങളും ഓരോ വേളയിൽ നൽക്കപ്പെട്ടതാണ്, ദൈവത്തിന് ആ വിധത്തിൽ നിങ്ങളിൽ പ്രവർത്തിപ്പാൻ കഴിയും.

ഇത് നിങ്ങളുടെ തലയിൽ മാത്രം ആകുന്നു എങ്കീൽ, നിങ്ങളുടെ ജീവിതത്തിൽ ഒരു വ്യത്യാസവും വരുത്താൻ കഴിയുന്നതല്ല. എന്നാൽ ദൈവത്തിന്റെ വചനം പറയുന്നത് നിങ്ങൾ കേൾക്കും എങ്കിൽ, "ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു; ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്ന

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ലോകത്തിൽ നിങ്ങളുടെ പരിപാടികളിൽ മടങ്ങി വരാനുള്ള സഹായം

തുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും" (യോഹ. 14:12). ഈ വചനം നിങ്ങളുടെ ഹൃദയങ്ങളെ സ്വാധീനിക്കും, ഇനി ഒരിക്കലും നിഷ്പലന്മാരായിരിക്കുകയില്ല.

നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുമോ, എന്താണ് നിങ്ങളുടെ രാജ്യത്തിൽ സംഭവിക്കുന്നത്, ദൈവത്തിന്റെ വാഗ്ദത്തത്തിൽ വിശ്വസിക്കേണ്ടതിന് നിങ്ങലുടെ ഹൃദയം ഏല്പിച്ചുകൊടുക്കുമ്പോൾ 100 കണക്കിന് വാഗ്ദത്തങ്ങൾ തിരുവചനത്തിൽ നൽകപ്പെട്ടിരിക്കുന്നു. തല കൊണ്ട് നിങ്ങൾ കേൾക്കുന്നുവോ, അതോ, 18 ഇഞ്ചു മത്രം താഴെയുള്ള ഹൃദയത്തിനു കൂടെ വിട്ടുകൊടുക്കുമോ, വലിയ മാറ്റത്തിന് ജീവിതത്തെ വിട്ടുകൊടുക്കുമോ?

ആളുകളിൽ ഒരു വലിയ മാറ്റം ഉണ്ടാക്കിയെടുക്കാൻ കഴിയുന്നതിന് ഏറ്റവും ശ്രേഷ്ടമായ സാദ്ധ്യത നാം കാണുന്നത് ദൈവം തന്റെ വാഗ്ദത്തം നമുക്കു തന്നിരിക്കുന്നതാണ്. നാം ദൈവസന്നിധിയിൽ പ്രതികരിക്കുമ്പോൾ ദൈവം നമ്മോട് പ്രതികരിക്കും. "ദൈവത്തോട് അടുത്തു ചെല്ലുവിൻ, അവൻ നിങ്ങളോട് അടുത്തു വരും" (യാക്കോ. 4:8). അപ്പോൾ എന്തുകൊണ്ട് നാം ദൈവത്തോട് അടുത്തു ചെല്ലുന്നില്ല, അവിടുന്ന് തന്നിലേക്ക് നമ്മെ അണച്ചു കൊള്ളുവാൻ താല്പര്യപ്പെടുന്നു, തന്റെ സാന്നിദ്ധ്യം അക്ഷരീകമായി നമുക്കു വേണ്ടി വ്യത്യാസപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു, എന്തുകൊണ്ട് നാം അടുത്തു ചെല്ലുന്നില്ല? നിങ്ങൾക്ക് ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വസിക്കുവാൻ സാദ്ധ്യമല്ല. അത് തികച്ചും അസാദ്ധ്യം. വചനം പറയുന്നു, "എ നോട് അടുത്തുവരുവിൻ, ഞാൻ നിങ്ങളോട് അടുത്തു വരും", എന്നത്, കാര്യം നി സാരം എന്നാൽ അത് അസാധ്യമായത്. നിങ്ങൾ അവിടുത്തെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുന്നുവോ, അക്ഷരീകമായി അവിടുത്തെ മുന്നിൽ നില്ക്കുമോ, നിശ്ചയമായി തന്റെ വാഗ്ദത്തം നിവർത്തിക്കുന്നതുവരെ കാത്തിരിക്കുകയോ? ദു:ഖകരമായ സത്യം എന്നത്, ദൈവത്തിന്റെ ജനം ജീവിക്കുന്നത് അതേ നിലയിലാണ് എന്ന് അവർക്കറിയാം, ലോകം അവരെ ശല്യപ്പെടുത്താതെ കഴിയേണം. അവിടുത്തെ വഴിയിൽ നടക്കേണ്ടുന്നതിനു പകരം നമ്മുടെ വഴിയിൽ നടപ്പാൻ നാം ദൈവത്തെ ശല്യപ്പെടുത്തുന്നു എന്നതിനെ നാം അറിയുന്നുവോ? ദൈവത്തിന്റെ ജനം തങ്ങൾക്ക് തോന്നിയതുപോലെ നടക്കുന്നതാണ് പാപം. വചനം പറയുന്നു, വിശ്വാസത്തിൽ നിന്നും ഉത്ഭവിക്കാത്തതൊക്കെയും പാപം ആകുന്നു" (റോമ. 14:2). തിരുവചനം വീണ്ടും പറയുന്നു, "നന്മ ചെയ്വാനറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ" (യാക്കോ. 4:17). മറ്റൊരു വാക്യം പറയുന്നു, പാപം ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു; പാപം അധർമ്മം തന്നെ (1യോഹ. 3:4). ന്യായപ്രമാണത്തിലെ വചനങ്ങളിൽ ഒന്ന്, "നിങ്ങൾ, തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ ക്രിസ്തുവന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ" (ഗലാ. 6:2). ഒരു മനുഷ്യൻ ഭാരവുമായി വരുന്നത് കാണുകയും അത് ചുമക്കുവാൻ സഹായിക്കാതിരിക്കയും ചെയ്യുന്നത് പാപം, ഇത് ദൈവത്തിന്റെ ഹൃദയത്തെ ദു:ഖിപ്പിക്കുന്നു.

ദൈവത്തിന്റെ ഹൃദയത്തിന് ഭാരമായിരിക്കുന്നത് തന്റെ ജീവിതത്തിലും ഹൃദയങ്ങൾക്കും ഏറെ പാപമായിരിക്കുന്നു. അതുകൊണ്ട് ഞാൻ ആവശ്യപ്പെടുന്നത് പാപത്തെ ദൈവത്തിന്റെ ചിന്താ ഗതിയിൽ നാം കാണേണം. നമ്മുടെ ചിന്താഗതിയിൽ പാപത്തെ നാം കാണരുത്. എങ്ങനെയാണ് പാപത്തെ ദൈവം കാണുന്നത്? വചനം പറയുന്നു, ദൈവം പറയുന്നതിനെ വിലകറച്ചു കാണുന്നത് പാപം.

അതെ, നിങ്ങൾ പറയുക, ഞാൻ കേവലം ഭൗതികൻ അല്ല, അങ്ങനെയല്ല, സർവ്വശക്തനായ ദൈവത്താൽ നിങ്ങൾ ജീവിക്കുന്നു, നിങ്ങൾ വീണ്ടും ജനിച്ചു ഒരു വ്യക്തി എങ്കിൽ! നിങ്ങൾ പറയുന്നു, നിങ്ങളൊരു ഭൗതികനായ മനുഷ്യൻ എന്ന്, എന്നാൽ ഓർക്കുക, നിങ്ങൾ രാജാധിരാജാവിന്റെ മക്കളാണ്. നിങ്ങൾ ദൈവത്തിന്റെ ആലയം ആണ്, എന്നാൽ നിങ്ങളുടെ ജീവിതം നിങ്ങളുടേതല്ല, ഇപ്പോൾ നിങ്ങൾ ക്രിസ്തു വസിക്കുന്ന ജീവിതമാണ്. പൗലൊസ് ഇങ്ങനെ പറഞ്ഞിട്ടില്ലയോ? "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു, ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്" (ഗലാ. 2:20). അതൊരു സംസാര രീതിയാണ്. അതൊരു വസ്തുതയാണ്. ഞാൻ അറിയുകയും അതിനോട് എതിർത്തു നിൽക്കുന്നതും പാപം ആകുന്നു.

പാപത്തിന്റെ ഒരു നിർവ്വചനം യോഹന്നാൻ 3:4-ൽ കാണുന്നു. പാപം അധർമ്മം തന്നെ (എതിർത്തു നില്പിൻ). എതിർത്തു നില്പ് എന്നത് ഒരുവൻ ദൈവം പറയുന്നത് എന്ത് എന്ന് അറിയുകയും അതിനെ തെരഞ്ഞെടുത്ത് അനുസരിക്കാതിരിക്കയും ആണ്. ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്. രണ്ട് വാക്കുകൾ അവ ഒരുമിച്ചു പോകയില്ല. ഇല്ല, കർത്താവ്, ആ വാക്കുകളിൽ ഒന്ന് നീക്കം ചെയ്യാം. അവിടുന്ന് ദൈവം എങ്കിൽ ഇല്ല എന്ന വാക്കിന് ഒരു പ്രസക്തിയില്ല. നിങ്ങൾക്ക് അവിടുത്തെ കർത്താവ് എന്ന് വിളിക്കേണം എങ്കിൽ അതെ, കൂടാതെ സാദ്ധ്യമല്ല. ദൈവം എപ്പോഴും നോക്കിക്കൊണ്ടിരിക്കുന്നത് തന്റെ മക്കൾ എപ്പോഴും പറയണം, അതെ, കർത്താവ്.

❖

ചാർലികോൾസൻ, ബാന്റ് അടിക്കുന്ന ഒരു ക്രിസ്തീയ ബാലൻ

By Dr. M.L.Rossvally

അമേരിക്കൻ സിവിൽ വാർ നടക്കുന്ന വേളയിൽ, ഞാൻ അമേരിക്കൻ പട്ടാളത്തിലെ ഒരു ഡോക്ടറായിരുന്നു, ഗറ്റിസ് ബർഗ്ഗിലെ യുദ്ധത്തിന് ശേഷം ധാരാളം മുറിവകളേറ്റ പട്ടാളക്കാർ എന്റെ ആശുപത്രിയിൽ ഉണ്ടായിരുന്നു, അവരുടെയിടയിൽ ഒരു 28 വയസുകാരൻ സാരമായി പരിക്കേറ്റ് എന്റെ ശുശ്രൂഷ അത്യാവശ്യമായി നടക്കുകയായിരുന്നു, അവന്റെ കാൽ മുറിക്കേണ്ടതായ അവസ്ഥയിൽ അവൻ കിടക്കുകയായിരുന്നു.

ഒരുവൻ വെറും 3 മാസം സർവ്വീസ്കാരനായ ഒരു യൗവ്വനക്കാരൻ പടയാളി, ഒരു ഉപയോഗിക്കുന്നവൻ എന്ന ലിസ്റ്റു കാരനായിരുന്നു. എന്റെ അസിസ്റ്റന്റ് ഡോക്ടർ അവനു ക്ലോറോ ഫോം കൊടുക്കുന്നതിനെക്കുറിച്ച്

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ചാർലികോൾസൻ, ബാന്റ് അടിക്കുന്ന ഒരു ക്രിസ്തീയ ബാലൻ

സംസാരിച്ചു, എന്നാൽ അവൻ അത് നിരസിക്കുവാനിടയായി. എന്നാൽ അധികാരിയായ ഒരു മനുഷ്യൻ, ഇത് ഡോക്ടറുടെ നിർദ്ദേശമാണ് എന്ന് പറഞ്ഞപ്പോൾ, അവൻ പറഞ്ഞു, ഡോക്ടറെ എന്റെ അടുക്കൽ അയക്ക.

ഞാൻ അവന്റെ സമീപെ ചെന്നപ്പോൾ, ഞാൻ പറഞ്ഞു, യൗവനക്കാരാ, എന്തുകൊണ്ടാണ് നീ ക്ലോറോഫോം നിരസിച്ചത്? നിന്നെ ഞാൻ യുദ്ധക്കളത്തിൽ നിന്നും കണ്ടെടുക്കുമ്പോൾ തീരെ അവശനിലയിലായിരുന്നു. നിന്നെ മരണത്തിന് വിടാതെ, എന്റെ നിർദ്ദേശ പ്രകാരം ഇവിടെ കൊണ്ടുവന്നു, ധാരാളം രക്തം വാർന്നു പോയിരിക്കുന്നു, തീരെ ക്ഷീണിതനായിരിക്കുന്നു, ക്ലോറോഫോം കൂടാതെ ഒരു ഓപ്പറേഷൻ വളരെ ബുദ്ധിമുട്ടാണ്, അതുകൊണ്ട് ഞാൻ നിനക്ക് ക്ലോറോഫോം തരും.

എന്നെ നോക്കിക്കൊണ്ട് അവൻ ഇപ്രകാരം പറഞ്ഞു, ഡോക്ടർ, ഒരു ഞായറാഴ്ച, എന്റെ ഒമ്പതരവയസിൽ എന്റെ ഹൃദയം കർത്താവിന് കൊടുത്തു. അതിന്റെ ശേഷം കർത്താവിൽ ആശ്രയിക്കാൻ ഞാൻ പഠിച്ചു. അതു മുതൽ ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു, ഇപ്പോഴും ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു. അവിടുന്ന് എന്റെ ബലം. അങ്ങ് എന്റെ കയ്യോ കാലോ മുറിച്ചുകൊൾക എന്റെ ദൈവം എന്നെ ബലപ്പെടുത്തും.

അവൻ എന്നെ നോക്കിയ നോട്ടം ഞാൻ ഒരിക്കലും മറക്കുകയില്ല. ആ സമയം യേശുവിനോട് എനിക്ക് വെറുപ്പു തോന്നി, എന്നാൽ അവന്റെ രക്ഷകനോടുള്ള വിശ്വസ്ഥതയിൽ എനിക്കു മതിപ്പു തോന്നി, അവസാനംവരെ തന്റെ രക്ഷകനെ സ്നേഹിക്കുകയും ആശ്രയിക്കുകയും ചെയ്തു, എന്തോ എന്റെ ഹൃദയത്തെ സ്പർശിക്കുന്നതായി തോന്നി, ഒരിക്കലും ഒരു പടയാളിക്കും ചെയ്തിട്ടില്ലാത്തത് അവനു വേണ്ടി ചെയ്തു. നിന്റെ ചാപ്പ്ലെയിനെ കാണേണമോ എന്ന് ഞാൻ ചോദിച്ചു. അതെ, സാർ എന്നവൻ മറുപടി പറഞ്ഞു.

ചാപ്ലെയിൻ വന്നു, പ്രാർത്ഥനാ കൂടാരത്തിൽ കാണുമായിരുന്ന ബാലനെ അദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹത്തിന് കരം കൊടുത്തു പറഞ്ഞു, “ അതെ, ചാലീ ഈ അവസ്ഥയിൽ നിന്നെ കാണുവാനിടയായതിൽ ഞാൻ ദു:ഖിക്കുന്നു. അവൻ പറഞ്ഞു, “ സാർ എല്ലാ നിലയിലും ഞാൻ സുഖമാണ് ”. ഡോക്ടർ എനിക്കു ക്ലോറോഫോം നിർദ്ദേശിച്ചു. ഞാൻ തടഞ്ഞു. ഇപ്പോൾ എന്റെ രക്ഷകൻ എന്നെ വിളിച്ചാൽ തന്റെ അടുക്കൽ പോകുവാനുള്ള ഒരുക്കത്തിൽ ഞാൻ ആയിരിക്കുന്നു. ചാപ്ലെയിൻ പറഞ്ഞു, ചാർലി, നീ മരിക്കയില്ല, അങ്ങനെ ഈ സമയം നിന്നെ വിളിച്ചാൽ നിനക്ക് ഞാൻ എന്താണ് ചെയ്യേണ്ടത്, നീ പോയതിനുശേഷം ചാപ്ലെയിൻ ദയവായി, എന്റെ തലയണയുടെ അടിയിൽ വച്ചിരിക്കുന്ന ചെറിയ ബൈബിൾ ഇങ്ങെടുക്കുക. അതിൽ എന്റെ അമ്മയുടെ അഡ്രസ് കാണും. ആ ബൈബിൾ എന്റെ അമ്മയ്ക്ക് അയച്ചുകൊടുക്കുക, അതിനോട് ചേർന്നു ഒരു എഴുത്ത് ഇപ്രകാരം എഴുതുക, ഞാൻ എന്റെ വീട്ടിലേക്ക് പോകുന്നു, ഞാൻ ഒരു ദിവസം പോലും ഒഴിയാതെ ദൈവവചനം വായിക്കുന്നു, എന്റെ പ്രിയപ്പെട്ട അമ്മക്കുവേണ്ടി ദിനതോറും പ്രാർത്ഥിക്കാറുണ്ട്, അത് പരേഡിൽ ആയിരുന്നാലും, യുദ്ധക്കളത്തിൽ ആയിരുന്നാലും, ആശുപത്രിയിൽ ആയിരുന്നാലും ഞാൻ പ്രാർത്ഥിക്കാറുണ്ട്.

എന്നോട് തിരിഞ്ഞു അവൻ എന്നോട് പറഞ്ഞു, ഇപ്പോൾ ഡോക്ടർ, ഞാൻ തയ്യാറാണ്, അങ്ങ് എന്റെ കയ്യോ കാലോ നീക്കം ചെയ്യുമ്പോൾ ഞാൻ കരയുകയില്ല. ഓപ്പറേഷൻ സമയത്ത് ഞാൻ കേട്ടു അവന്റെ പ്രാർത്ഥന എന്നത്, “ ഓ, യേശുവേ, വാഴ്ത്തപ്പെട്ട യേശുവേ, എന്റെ അടുക്കൽ നിന്ന് എന്റെ കരം പിടിക്കേണമേ ”.

ഓപ്പറേഷനുശേഷം

ആ രാത്രി എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. എങ്ങോട്ട് തിരിഞ്ഞാലും ഞാൻ അവന്റെ കണ്ണുകൾ തന്നെ കണ്ടു, എന്റെ കണ്ണു അടക്കുമ്പോൾ ആ വാക്കുകൾ എന്റെ മനസിൽ, “ പ്രിയകർത്താവേ, എന്നരികിൽ നിൽക്കേണമേ ”, അത് എന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. 12 മണിക്കും 1 മണിക്കും മദ്ധ്യേ ഞാൻ ആശുപത്രി സന്ദർശിച്ചു. മുമ്പ് ഒരിക്കലും അങ്ങയുണ്ടായിട്ടില്ല, പ്രത്യേക വിളിയില്ലാതെ, എന്നാൽ എനിക്ക് അവനെ കാണാൻ ഞാൻ അവിടേക്ക് പോയി. അന്ന് രാത്രി 16 പേർ മരിച്ചു എന്ന് ഞാൻ അറിഞ്ഞു. രാത്രിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന കാര്യസ്ഥനോട് ഞാൻ തിരക്കി, “ ചാർലി കോൾസൻ -ന് എങ്ങനെയുണ്ട്, അവനും മരിച്ചു പോയോ. ഇല്ല സാർ കാര്യസ്ഥൻ മറുപടി പറഞ്ഞു, ഒരു കൊച്ചു കുട്ടിയെപ്പോലെ അവൻ ഉറങ്ങുന്നു. അദ്ദേഹം കിടക്കുന്ന കിടക്കക്കരികെ ഞാൻ വന്നപ്പോൾ നഴ്സുമാരിൽ ഒരാൾ എന്നോടു പറഞ്ഞു, ചാപ്ലയിനുമായി ബന്ധപ്പെട്ട. എല്ലാവരെയും കണ്ടു. എന്നാൽ ചാർലിയുടെ കിടക്കക്കരികെ അവർ പാടുകയും സ്തുതിക്കയും ചെയ്യുകയായിരുന്നു. യേശുവേ എന്റെ പ്രാണന്റെ സ്നേഹിതൻ അതിൽ ചാർലിയും ചേർന്നു പാടുകയായിരുന്നു. അതികഠിനമായ വേദനയിൽ കൂടി കടന്നു പോകുന്ന ചാർലിക്ക് എങ്ങനെ പാടാൻ കഴിയുന്നു എന്ന് എനിക്ക് മനസിലായില്ല.

അഞ്ചു ദിവസങ്ങൾക്ക് ശേഷം അവന്റെ കയ്യും കാലും മുറിച്ചു മാറ്റി, അന്ന് ഞാൻ ചാർലിയിൽ നിന്നുള്ള സുവിശേഷം കേട്ടു. ഡോക്ടർ , അവൻ പറഞ്ഞു, എന്റെ സമയം വന്നിരിക്കുന്നു. അടുത്തൊരു സൂര്യോദയം കാണും എന്നെനിക്ക് പ്രതീക്ഷയില്ല, എന്നാൽ നന്ദി കർത്താവേ ഞാൻ പോകാൻ തയ്യാറായിരിക്കുന്നു. ഞാൻ മരിക്കുന്നതിനു മുമ്പ് എന്നോടു കാണിച്ച എല്ലാറ്റിനും എന്റെ ഹൃദയത്തിൽ നിന്നും നന്ദി പറയുവാനാഗ്രഹിക്കുന്ന. നിങ്ങൾ ഒരു യഹൂദനാണ് ഒരിക്കലും കർത്താവായ യേശുവിൽ വിശ്വസിക്കുന്നില്ല. എന്റെ ജീവിതത്തിന്റെ അവസാന നിമിഷങ്ങളെ കാണുവാൻ എന്റെ അരികിൽ നിൽക്കുമോ? ഞാൻ അവിടെ നിൽക്കുവാൻ ശ്രമിച്ചു. എന്നാൽ ഒരു ക്രിസ്തീയ ബാല്യക്കാരൻ മരിക്കുന്നത് കാണുവാൻ എനിക്ക് ആഗ്രഹമില്ലായിരുന്നു. അങ്ങനെയാണ് എനിക്ക് ക്ലാസ് ലഭിച്ചിരിക്കുന്നത്, ഞാൻ വേഗം ആ മുറി വിട്ടിറങ്ങി.

ഇരുപത് മിനിട്ടിനുശേഷം കാര്യസ്ഥൻ എന്നോടു പറഞ്ഞു, ഡോക്ടർ ചാർലി നിങ്ങളെ കാണുവാനാഗ്രഹിക്കുന്നു. അവൻ പറയുന്നു താൻ മരിക്കുന്നതിനു മുമ്പ് ഒരിക്കൽ കൂടെ ഡോക്ടറെ കാണണം എന്ന് പറയുന്നു. എന്റെ മനസിനെ ശരിയായ നിലയിലാക്കി, കാണുവാനാഗ്രഹിച്ചു. എ

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ചാർലികോൾസൻ, ബാന്റ് അടിക്കുന്ന ഒരു ക്രിസ്തീയ ബാലൻ

ന്നാൽ അവന്റെ യേശുവിനെക്കുറിച്ചുള്ള വാക്കുകൾ എന്നെ സ്വാധീനിക്കയില്ല എന്ന് ഞാൻ ഉറച്ചിരുന്നു.

ഞാൻ അവന്റെ മുറിയിലേക്ക് പ്രവേശിച്ചപ്പോൾ അവൻ മരണാസന്നനായി കാണപ്പെട്ടു. അവൻ എന്നോടു പറഞ്ഞു; ഡോക്ടർ ഞാൻ നിങ്ങളെ സ്നേഹിക്കുന്നു കാരണം നിങ്ങൾ ഒരു യഹൂദനാണ്. ഈ ലോകത്തിൽ ഞാൻ കണ്ടെത്തിയ ഏറ്റവും നല്ല സ്നേഹിതനും ഒരു യഹൂദനുമായിരുന്നു. ഞാൻ ചോദിച്ചു ആരാണത്. അവൻ മറുപടി പറഞ്ഞു, യേശുക്രിസ്തു ഞാൻ മരിക്കുന്നതിനു മുമ്പ് എന്റെ അടുക്കൽ വരേണമേ എന്ന് ഞാൻ അപേക്ഷിച്ചു. അതുകൊണ്ട്, ഡോക്ടർ, നിങ്ങൾ എനിക്ക് വാക്ക് തരുമോ, ഞാൻ പറയുന്നത് നിങ്ങൾ ഒരിക്കലും മറക്കരുത്. ഞാൻ വാക്കു പറഞ്ഞു, അഞ്ചു ദിവസം മുമ്പ്, എന്റെ കാലുകളെയും കൈകളെയും നീക്കം ചെയ്തപ്പോൾ, ഞാൻ കർത്താവായ യേശുക്രിസ്തുവിനോട് പ്രാർത്ഥിച്ചു, നിന്റെ ആത്മാവിനാൽ എന്നെ താങ്ങേണമേ.

ഈ വാക്കുകൾ എന്റെ ഹൃദയത്തൽ തുളച്ചു കയറി. ഞാൻ അവന് വരുത്തിയ അതികഠിനമായ വേദന സഹിക്കുവാൻ എങ്ങനെ കഴിഞ്ഞു എന്ന് എനിക്ക് മനസിലായില്ല, തന്റെ രക്ഷകനെക്കുറിച്ച് ചിന്തിച്ച് ധ്യാനിക്കുകയും മാനസാന്തരപ്പെടാത്ത എന്നെക്കുറിച്ച് ചിന്തിക്കയും ചെയ്തു. എല്ലാം ഞാൻ അവനോട് പറഞ്ഞു, അതെ, പ്രിയ ബാലകാ, നീ വേഗത്തിൽ സുഖം പ്രാപിക്കട്ടെ. ഇത് പറഞ്ഞ ശേഷം ഞാൻ മുറിവിട്ടു പോയി, 12 മിനിട്ടിനു ശേഷം അവൻ ഉറങ്ങി, കർത്താവായ യേശുവിന്റെ സുരക്ഷിതമായ കരങ്ങളിൽ.

യുദ്ധകാലത്ത് ആയിരക്കണക്കിനാളുകൾ എന്റെ ആശുപത്രിയിൽ മരണത്തിന് കീഴടങ്ങി, എന്നാൽ ചാർലി കോൾസൻ, ബാന്റ് ഉപയോഗിക്കുന്ന ബാലൻ അദ്ദേഹത്തിന്റെ ശവസംസ്ക്കാരത്തിൽ കല്ലറയ്ക്കുള്ള യാത്രയിൽ ഞാനും ചേർന്നു. 3 മൈൽ യാത്ര ചെയ്തു അടക്ക ശുശ്രൂഷയിൽ പങ്കെടുത്തു. ഞാൻ ഒരു പുതിയ യൂണിഫോം അവനെ ധരിപ്പിച്ചു. പട്ടാള ഓഫീസറുമാരുടെ ശവപ്പെട്ടിയിൽ തന്നെ വച്ചു. മുകളിൽ അമേരിക്കൻ ഐക്യനാടുകളുടെ ഒരു കൊടിയും വച്ചു.

പ്രാർത്ഥനയക്കു മറുപടിയായി

ആ ബാലകന്റെ മരണവാക്കുകൾ ആഴമായ ഒരു ചലനം എന്നിലുളവാക്കി. ധനത്തിന്റെ കാര്യത്തിൽ ആ സമയത്ത് ഞാൻ ധനികനാണ്, എന്നാൽ സമ്പാദിച്ച ഓരോ ചില്ലി കാശും ചാർലി ചെയ്തതുപോലെ യേശുവിനായി ചെയ്തതുപോലെ ഞാൻ കൊടുക്കുവാൻ ഇടയായി. എന്നാൽ ആ അനുഭവം പണം കൊടുത്തു വാങ്ങുവാൻ ഞാൻ മറന്നു പോയേക്കാം, എന്നാൽ ആ കുട്ടിയെ എനിക്ക് ഒരിക്കലും മറക്കാൻ കഴിയുകയില്ല. ഞാൻ ഇപ്പോൾ അറിയുന്നു, ഞാൻ ആ സമയം ആഴമായ പാപബോധത്തിലായിരുന്നു, എന്നാൽ, ഞാൻ അടുത്ത 10 വർഷം വരെ ക്രിസ്തുവിനോട് എതിർത്തു പോരാടുകയായിരുന്നു, അതുവരെ ഒടുവിലായി ആ ബാല്യക്കാരന്റെ പ്രാർത്ഥനയ്ക്ക് മറുപടിയായി, ദൈവം എന്റെ ആത്മാവിനെ രൂപാന്തരപ്പെടുത്തി.

എന്റെ മാനസാന്തരത്തിന്റെ 18മാസങ്ങൾ കഴിഞ്ഞ് ഞാൻ ബ്രൂക്ക്ലിൻ -ൽ നടന്ന ഒരു പ്രാർത്ഥനായോഗത്തിൽ സംബന്ധിക്കുകയായിരുന്നു. ആ യോഗത്തിൽ ക്രിസ്തീയ സഹോദരങ്ങൾ തങ്ങളുടെ രക്ഷകനെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ പറയുകയായിരുന്നു. ധാരാളം ആളുകൾ പറഞ്ഞ ശേഷം, ഒരു പ്രായമുള്ള സ്ത്രീ എഴുന്നേറ്റു പറഞ്ഞു, പ്രിയ സ്നേഹിതരേ, ഇത് അവസാന സമയമായിരിക്കാം, കർത്താവിനെ സാക്ഷിക്കുക എന്നത് എന്റെ പദവിയാണ്. എന്റെ ഡോക്ടർ പറഞ്ഞു എന്റെ വലത്തു വശത്തെ ഹൃദയ ഭാഗം നശിച്ചിരിക്കുന്നു. ഇടതുവശത്തെ ഹൃദയ ഭാഗം പ്രവർത്തനക്ഷമമാണ്. അതുകൊണ്ട് ഏറ്റവും നല്ലത് എനിക്കുള്ളത്, എന്നാൽ കുറഞ്ഞൊരു സമയം മാത്രമേ നിങ്ങളുടെകൂടെ കാണുകയുള്ളൂ. എന്നാൽ ഇടതു വശത്തേത് കർത്താവിന്റേത് ആകുന്നു. എത്രയും വേഗം ഞാൻ ചെന്ന് എന്റെ ബാല്യക്കാരനെ കാണും. എന്റെ മകൻ രാജ്യത്തിന്റെ ഒരു പടയാളി മാത്രമല്ല, അവൻ യേശുക്രിസ്തുവിന്റെ ഒരു പടയാളി കൂടെയാണ്. അവൻ ഗറ്റിസ്ബർഗ്ഗിലെ യുദ്ധത്തിൽ മുറിവേറ്റു. ഒരു യെഹൂദൻ ഡോക്ടറുടെ കയ്യിൽ എത്തിച്ചേർന്നു, അദ്ദേഹം അവന്റെ കൈകളും കാലുകളും നീക്കം ചെയ്തു. ഓപ്പറേഷൻ കഴിഞ്ഞു. അഞ്ചാം ദിവസം അവൻ മരണത്തിന് കീഴടങ്ങി. മിലിറ്ററി ചാപ്ലയിൻ ഒരു കത്ത് എനിക്ക് എഴുതി, അവന്റെ ബൈബിളും എനിക്ക് അയച്ചു തന്നു. ആ കത്തിൽ ചാർലി എന്നോട് പറഞ്ഞു, ഒരു യെഹൂദനായ ഡോക്ടറെക്കുറിച്ചു എന്നോടു പറഞ്ഞു. അവൻ മരിക്കുന്നതിനു മുമ്പ് ആ ഡോക്ടറെ കാണുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. അദ്ദേഹത്തോട് പറഞ്ഞു, അഞ്ചു ദിവസങ്ങൾ ക്ക് മുമ്പ് ഞാൻ നിങ്ങളുടെ മാനസാന്തരത്തിനായി കർത്താവായ യേശുക്രിസ്തുവിനോട് പ്രാർത്ഥിച്ചു.

ഞാൻ ഇത് കേട്ടപ്പോൾ, എനിക്ക് ഇരിക്കുവാൻ കഴിഞ്ഞില്ല. എന്റെ സീറ്റ് വിട്ടു ആ അമ്മയുടെ അരികിൽ ചെന്നു, അവരുടെ ഇരുകൈകളും പിടിച്ചു, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ സഹോദരീ എന്ന് പറഞ്ഞു. നിങ്ങളുടെ മകന്റെ പ്രാർത്ഥനയ്ക്ക് മറുപടി ആയിരിക്കുന്നു. ഞാനാണ് ആ യെഹൂദനായ ഡോക്ടർ എനിക്കു വേണ്ടിയാണ് ചാർലി പ്രാർത്ഥിച്ചത്. ഇപ്പോൾ അവന്റെ രക്ഷകൻ എന്റെ രക്ഷകനായിത്തീർന്നിരിക്കുന്നു. ❖

പ്രാർത്ഥിക്കുന്ന സ്ത്രീയും പുരുഷനും സമ്മർദ്ദങ്ങളെ തിരിച്ചു വിടും

By Quinton J.Everest

അമേരിക്കയെ ദൈവം സ്വതന്ത്ര രാഷ്ട്രമായി ഉണ്ടാക്കി, ധാരാളം ബലമുള്ള രാജ്യമായി ഈ ദൈവം ഏക സത്യദൈവം ഈ ദിവസങ്ങളിൽ എതിർക്കപ്പെടുന്നു, മറുതലിക്കപ്പെടുന്നു, ഉപേക്ഷിക്കപ്പെടുന്നു, വെറുക്കപ്പെടുന്നു, അപമാനിക്കപ്പെടുന്നു. സാധ്യമെങ്കിൽ ഉന്മൂലനം ചെയ്യുമായിരുന്നു. ഇങ്ങനെയാണ് നമ്മുടെ രാജ്യം ദൈവത്തോട് കാണിക്കുന്നത്, നമ്മുടെ രാജ്യത്തിന്റെ കലക്കം കഠിനമായിരിക്കുന്നു, വെറുപ്പ് അതിരൂക്ഷമായിരിക്കുന്നു, ദുഷ്ടത വർദ്ധിച്ചിരിക്കുന്നു; പ്രശ്നങ്ങൾ പെരുകിയിരിക്കുന്നു. വേദപുസ്തകങ്ങൾ തത്വങ്ങൾ പുച്ഛിച്ചു തള്ളുന്നു, വിശ്വസ്തതയും നീതിയും ഇല്ലാതെയായിരിക്കുന്നു.

400 വർഷങ്ങൾക്ക് മുമ്പ്, നമ്മുടെ പൂർവ്വ പിതാക്കന്മാർ

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥിക്കുന്ന സ്ത്രീയും പുരുഷനും സമ്മർദ്ദങ്ങളെ തിരിച്ചു വിടും

ഇവിടെ സത്യത്തിലും ആത്മാവിലും ആരാധിപ്പാനായി കൂടിവന്നു. അവർ ദൈവത്തെ വിശ്വസിച്ചു. അത് കഷ്ടതയുടെ നടുവിൽ ആയിരുന്നു, ആപത്തുവേളകളിൽ, ഞെരുക്കങ്ങളിൽ അവർ കൂടി വന്നു. ആത്മാവിൽ ശാന്തത അനുഭവിച്ചു, മനസിന് സമാധാനം, ഭാവിയെക്കുറിച്ചുള്ള പ്രത്യാശയുണ്ടായിരുന്നു. അത് എളുപ്പത്തിൽ നിന്നും അകലെയായിരുന്നു. പക്ഷേ അത് ദൈവത്തിലുള്ള ആശ്രയം ആയിരുന്നു. അനേകർ ദൈവത്തിൽ ആശ്രയം വച്ചു. അത് അമേരിക്കയെ വലുതാക്കി.

കാര്യങ്ങൾ അമേരിക്കയെ വലുതും സ്വതന്ത്രവുമായ രാജ്യം ആക്കി, ഭൂമിയുടെ പരപ്പിൽ പാർപ്പിനുള്ള ഏറ്റവും നല്ല രാജ്യമാക്കി, പ്രാർത്ഥിക്കുന്ന ഒരു ജനമുണ്ടായിരുന്നു, അല്ലായിരുന്നു എങ്കിൽ വളരെ പെട്ടെന്ന് ഒരു ചാരക്കൂനയായി ഭവിക്കുമായിരുന്നു. അധാർമ്മികതയും, സുഖലോലുപതയും രാജ്യത്തെ അധ:പതിക്കുവാൻ കാരണമാക്കി. ദൈവഭയമില്ലായ്മയും അനുസരണക്കേടും നിമിത്തം പരാജയവും നാശവും വന്നു ഭവിച്ചിരിക്കുന്നു.

അമേരിക്കയ്ക്ക് ഒരു ഒഴികഴിവുമില്ല! ഞാൻ പറയുന്നു. നമുക്ക് ദൈവത്തെ വേണം, നിശ്ചയമായും നമുക്ക് ദൈവത്തെ വേണം, അപ്പോഴേ നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരമുള്ളൂ. ഒരു പൊതുവായിട്ടുള്ള താഴ്മയും പ്രാർത്ഥനയും ആവശ്യമാണ്. ചെറിയവൻ തുടങ്ങി വലിയവൻ വരെയും ഒരനുപതാപം ആവശ്യമാണ്. ശമുവേലിന്റെ കാലത്തെപ്പോലെ, ദാനിയേലിന്റെ കാലത്തെപ്പോലെ പൗലൊസിന്റെ കാലത്തെപ്പോലെ ദൈവത്തിലുള്ള ചോദ്യം ചെയ്യപ്പെടാത്ത വിശ്വാസം ആവശ്യമാണ്. ഉണർവ്വും പ്രാർത്ഥനയും ഉപവാസവും ഉണ്ടായിരുന്നു. ശുദ്ധീകരണം ഉണ്ടായിരുന്നു, പരിശുദ്ധാത്മാവിന്റെ ശക്തി ഉണ്ടായിരുന്നു.

രാജ്യവ്യാപകമായ ദു:ഖം

ശമുവേലിന്റെ കാലത്ത് സ്ഥിതി നോക്കുക. യിസ്രായേലിന്റെ ചരിത്രത്തിൽ നിരാശയേറിയ സമയത്താണ് ശമുവേൽ രംഗത്തേയ്ക്ക് വരുന്നത്. ആരാധന അന്യം നിന്നുപോയി. പാപത്തിന്റെ ഏറ്റവും മോശമായ അവസ്ഥയിലേക്ക് രാജ്യം അധ:പതിച്ചു. വിഗ്രഹാരാധനയും വർദ്ധിച്ചു. അധാർമ്മികത അതിന്റെ പാരമ്യതയിലെത്തി.

യിസ്രായേലിന്റെ പാരമ്പര്യ ശത്രുക്കളായ ഫെലിസ്ത്യർ യുദ്ധത്തിൽ ആഞ്ഞടിച്ചു. നിയമപെട്ടകം, ദൈവസാന്നിദ്ധ്യത്തിന്റെ പരിശുദ്ധമായ അടയാളം, ഈ വെറുക്കപ്പെട്ട ശത്രുവിനാൽ പിടിക്കപ്പെട്ടു. രാജ്യം മുഴുൻ നുകത്തിൽ കീഴിലായി. രാജ്യത്തിന്റെ മഹത്വം പൊയ്പോയി; ജനത്തിന്റെ അഹങ്കാരം വർദ്ധിക്കുന്നു. യഹോവ ഭക്തി മരിക്കുന്നു. ആകെ നിരാശ! എന്തു ചെയ്യും ?

ഒരു ശക്തിമത്തായ പരിഹാരം

യിസ്രായേലിന്റെ മനോഹരമായ തീരുമാനം അതാണ് ഈ അവസ്ഥയിൽ പരിഹാരം. എന്താണത്? രാജ്യവ്യാപകമായ ഒരു പ്രാർത്ഥനാ യോഗം (1ശമു. 7:5,6).

ശമുവേൽ ശക്തനായ ഒരു പ്രാർത്ഥനാ മനുഷ്യൻ ആയിരുന്നു. ഈ ഉദ്യമത്തിൽ ശമുവേൽ വിശ്വസ്തനായിരുന്നു, പ്രാർത്ഥനയിലും ദൈവജനത്തെ മടങ്ങിവരവിനുവേണ്ടി വിളിക്കുന്നതിലും വിശ്വസ്തനായിരുന്നു. അവസാനം അതിൽ ഫലം കണ്ടു, അദ്ദേഹം രാജ്യവ്യാപകമായി ഉണർവ്വും പ്രാർത്ഥനയും നടത്തി. അവൻ സമയങ്ങളെ തിരിച്ചറിഞ്ഞു. മിസ്പയിൽ അവരെ ഒരുമിച്ചു കൂട്ടി അവർക്കു വേണ്ടി പ്രാർത്ഥിച്ചു. രാജ്യവ്യാപകമായി ശമുവേലിൽ നിന്നും കേൾക്കുവാനും പ്രാർത്ഥിക്കുവാനും ഒരുമിച്ചു കൂടി.

ഇതു മുഴങ്കാലിൽ നിന്ന് പ്രാർത്ഥിപ്പാനും ഉപവസിപ്പാനുമുള്ള സമയമാണ്, പ്രാർത്ഥനയ്ക്കായി ഒരു വിശ്വസ്ത മനുഷ്യനെ ദൈവം എഴുന്നേല്പിച്ചു. യാക്കോബ് പറയുന്നു, “ നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു ” (യാക്കോ. 5:16). യിസ്രായേൽ മക്കൾക്ക് ഒരു ശക്തിയായ മനുഷ്യനെ ആവശ്യമായിരുന്നു, ഈ അത്യാവശ്യഘട്ടത്തിൽ തങ്ങൾക്കായി യഥാർത്ഥമായി പ്രാർത്ഥിക്കുന്ന ഒരുവങ്കലേക്ക് അവർ നോക്കി. ഫെലിസ്ത്യർ ഇതു അറിഞ്ഞു, ജനം എല്ലാം ഈ പ്രത്യേക വിഷയത്തിൽ ഒരുമിച്ചു കൂടി എന്ന് അവർ കണ്ടു: അവർ ശക്തിയോടെ യിസ്രായേലിന്റെ നേരെ വന്നു. ഇത് യിസ്രായേൽ കണ്ടു. അവർ ശമുവേൽ പ്രവാചകനെ നോക്കി, ശമുവേൽ പറഞ്ഞു, “ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നത് മതിയാക്കരുതേ ” (1ശമു. 7:8).

ഇവിടെ അവർ ഭീകരത്വം, നിരാശ, കൈവെടിയുവാൻ തീരുമാനിച്ചു. അവർ അതു ചെയ്തു. ശമുവേലിന്റെ പ്രാർത്ഥനയാൽ അവരുടെ പ്രത്യാശ അവർ കെട്ടിപണിതു. വചനം പറയുന്നത് ശമുവേൽ പ്രാർത്ഥിച്ചു. ദൈവം കേട്ടു (വാക്യം 9). അദ്ദേഹത്തിന്റെ പ്രാർത്ഥന ഫെലിസ്ത്യരുടെ സൈന്യത്തെക്കാൾ ശക്തിയേറിയവ ആയിരുന്നു. ശത്രു പരാജയപ്പെട്ടു. യിസ്രായേൽ ദൈവത്തിങ്കലേക്ക് മടങ്ങിവന്നു. ദൈവം അവരുടെ മേൽ മഹത്വപ്പെടുവാൻ കാരണമായി.

പെട്ടെന്ന്, ആരോ പറഞ്ഞു, ഇത് ശമുവേലിന്റെ പ്രാർത്ഥനയുടെ ഫലമാണ്. ഓർക്കുക, ആ നിമിഷത്തിൽ താൻ അർപ്പിച്ച പ്രാർത്ഥന മാത്രമല്ല പ്രാർത്ഥനയും വിശുദ്ധ ജീവിതവും അവരെ വിജയത്തിലെത്തിച്ചു. ശമുവേലിനെപ്പോലെയുള്ളവരുടെ പ്രാർത്ഥന ദൈവം മറന്നുകളഞ്ഞില്ല. അതു വലിയ നിക്ഷേപമായി തന്റെ ജനത്തിന്റെ നടുവിൽ സ്വർണ്ണക്കുപ്പിയിൽ സൗരഭ്യമായി വിശുദ്ധന്മാരുടെ പ്രാർത്ഥന ഇരിക്കുന്നു.

ഈ സമയം ദൈവത്തിനും ശമുവേലിനും മദ്ധ്യത്തിൽ ഒരു ശരിയായ ബന്ധം ദൃഢീകരിക്കുകയും ദൈവത്തിന്റെ ജനം ദൈവവുമായുള്ള കൂട്ടായ്മയിൽ ദീർഘകാലം ഒരുമിച്ചു പോകുകയും ചെയ്തു. ശമുവേൽ ദൈവത്തെ അറിഞ്ഞു. ഇപ്പോഴും ശരിയായി പോകുന്നു, ദൈവം ശമുവേലിനെ അറിഞ്ഞു. മനുഷ്യർ പ്രാർത്ഥിക്കുന്നു, ദൈവം ഉത്തരം നൽകുന്നു, യഥാർത്ഥത്തിൽ അത്ഭുതകരമായ കാഴ്ച.

നിങ്ങൾ അമേരിക്കക്കു വേണ്ടി പ്രാർത്ഥിക്കുമോ?

നമ്മുടെ രാജ്യത്തിന്റെ മലിനമായ രാഷ്ട്രീയ സാഹചര്യങ്ങളെ ഓർത്ത് കരയാം. അധാർമ്മികതയെ ഓർത്ത് കരയാം. എന്നാൽ ഞാൻ അത്ഭുതപ്പെടുന്നു, എങ്ങനെ നിങ്ങൾ അവിടുത്തെ മുമ്പിൽ നില്ക്കും? നിങ്ങൾ യഥാർത്ഥത്തിൽ ഒരു ദൈവപൈതൽ ആണോ?. നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നുവോ? നിങ്ങൾ ഉന്നതങ്ങളിൽ നടക്കുന്നുവോ, വിശുദ്ധിയുടെ വെള്ളവരയിൽ നീതിയുടെ വഴിയിൽ?

അകത്തെ പ്രാകാരത്തിന്റെ വഴിയിൽ നിങ്ങളുടെ പ്രാർത്ഥനയുടെ മറുപടിക്കായി, ജീവനുള്ള വഴി സ്ഥിരകൂട്ടായ്മക്കായി അടുത്തു ചെല്ലുക. ദൈവത്തിന്റെ

(ശേഷം 8-ാംപേജിൽ)

(7-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥിക്കുന്ന സ്ത്രീയും പുരുഷനും സമ്മർദ്ദങ്ങളെ തിരിച്ചു വിടും

മറുപടിക്കായി നമ്മുടെ രാജ്യത്തിന്റെ ആളുകളുടെ പ്രാർത്ഥനയ്ക്കും മറുപടി ലഭിക്കേണ്ടതിനായി, പാപജീവിതം ഉപേക്ഷിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

നിങ്ങൾ അമേരിക്കക്കും അതിന്റെ ഭാവിയെ ഓർത്തും താല്പര്യം കാണിക്കുമോ അമേരിക്കയുടെ നന്മയ്ക്കായി ദൈവത്തിങ്കലേക്ക് കൺകൾ ഉയർത്തുമോ? ഒരു യഥാർത്ഥ പ്രാർത്ഥനയ്ക്കായി പ്രാർത്ഥനാ പീഠത്തിൽ കയറുമോ?

ദിവസങ്ങളിൽ ഇരുൾ ബാധിക്കുമ്പോൾ ദൈവം പ്രാർത്ഥനയ്ക്കായി സ്ത്രീകളെയും പുരുഷന്മാരേയും തെരയുന്നു, മേഘപടലങ്ങളിൽ ഒരു ചെറിയ വിടവുണ്ടാക്കിയെടുക്കുവാൻ, ശത്രു വിജയിക്കും എന്ന് തോന്നുമ്പോൾ, ദൈവത്തിന്റെ സേന അവിടെ പ്രത്യക്ഷപ്പെട്ട് ശത്രുവിനെ തോല്പിക്കുവാൻ എഴുന്നേൽക്ക.

ഒരുവൻ വിശ്വസ്തതയോടെ പ്രാർത്ഥിക്കുമ്പോൾ, സത്യസന്ധതയോടെ താല്പര്യമായി തുടർച്ചയായി പ്രാർത്ഥിച്ചാൽ അവൻ സമ്മർദ്ദങ്ങളെ വിജയകരമായി നേരിടും.

ഉപവാസവും പ്രാർത്ഥനയും, ദൈവത്തിന്റെ മുമ്പിൽ തകർന്നും നുറുങ്ങിയുമുള്ള താഴ്മയുള്ള ഹൃദയം വലിയ ആവശ്യങ്ങളുടെ മുഖത്ത് ആവശ്യം. ദൈവത്തിന്റെ ജനം ദൈവസന്നിധിയിൽ വിശ്വസ്തമായി പ്രാർത്ഥിക്കുമ്പോൾ, ഏകാഗ്രതയോടെ ഹൃദയനുറുക്കത്തോടെ പ്രാർത്ഥിക്കുമ്പോൾ നാം ആഗ്രഹിക്കുന്ന മറുപടി നാം പ്രാപിക്കും. ദൈവം തന്നെ അംഗീകരിക്കുന്ന ജനത്തിനായി കാത്തിരിക്കുന്നു, അംഗീകരിക്കുമ്പോൾ അവിടുന്നു നമുക്കുവേണ്ടി പ്രവർത്തിക്കും.

❖

സഭയുടെ പ്രവാചകദൗത്യം

By Dave Butts

ഒരു പ്രവാചകന്റെ പൊതുവായ ദൗത്യം എന്നത് പഴയ നിയമ കാലഘട്ടത്തിലും പുതിയ നിയമകാലഘട്ടത്തിലും ദൈവത്തിൽ നിന്ന് പ്രാപിച്ച് ആളുകളോട് സംസാരിക്ക എന്നതാണ്. നമ്മുടെ നാളുകളിൽ, നമ്മുടെ രാജ്യത്ത് സഭക്ക് ഈ ദൗത്യം ദൈവമായ കർത്താവ് നൽ കിയിരിക്കുന്നു. സത്യത്തിലും സ്നേഹത്തിലും ഒരു വാക്ക് ദൈവത്തിൽ നിന്നും പ്രാപിച്ച് ജനത്തോട് സംസാരിക്കേണം.

സ്നേഹവും സത്യവും നമുക്ക് വളരെ എളുപ്പത്തിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നു. സ്നേഹത്തിൽ സത്യം സംസാരിക്കേണം എന്ന് പൗലൊസ് ആജ്ഞാപിക്കുന്നു. സ്നേഹമില്ലാത്ത സത്യം പ്രയാസവും ലോകപരവും ആയിത്തീരുന്നു. സത്യമില്ലാത്ത സ്നേഹവും അവ്യക്തവും ആത്മീകമവും നിഷ്പ്രയോജനവുമാണ്. നാം സത്യം സംസാരിക്കുന്നില്ലെങ്കിൽ നാം സ്നേഹിക്കുന്നില്ല. ഇത് അപകടങ്ങൾ സംബന്ധിച്ചു മുന്നറിയിപ്പു കൊടുക്കുന്നതിൽ പരാജയപ്പെടുന്നു.

വളരെ സഹായകരമായ ഒരു രൂപം, പ്രവാചകദൗത്യത്തെക്കുറിച്ച് വേദപുസ്തകത്തിൽ യെഹെസ്കേൽ പ്രവാചകന്റെ പുസ്തകത്തിലെ കാവൽക്കാരനിൽ കാണാം. കാവൽക്കാരനായി, പ്രാർത്ഥിക്കുന്നവനായി, സംസാരിക്കുന്നവനായി ദൈവം വ്യക്തമായി നമ്മെ വിളിച്ചിരിക്കുന്നു. പ്രാർത്ഥനയും അവസാന ദിവസങ്ങളും എന്ന എന്റെ പുസ്തകത്തിൽ ഞാൻ കാവൽക്കാരന്റെ ദൗത്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. 1) അവൻ കാവൽ കാക്കുകയും പ്രാർത്ഥിക്കയും ചെയ്യുന്നു (മത്താ. 26:40-41).2)അവർ സംരക്ഷണം നൽകുന്ന കാവൽക്കാരൻ ആയിരിക്കേണം (വിലാ. 2:19) 3) അവർ നന്നായി ശ്രദ്ധിക്കേണം. യിരെമ്യാ 6:11-ൽ പറയുന്നു, ഞാൻ നിങ്ങൾക്ക് കാവൽക്കാരെ ആക്കി. കാഹളനാദം ശ്രദ്ധിക്ക എന്ന് കല്പിച്ചു. 4) അവർ മുന്നറിയിപ്പ് നൽകുന്നവർ ആണ്. മനുഷ്യപുത്രാ ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിന് കാവൽക്കാരനാക്കിയിരിക്കുന്നു. " നീ എന്റെ വായിൽ നിന്ന് വചനം കേട്ട് എന്റെ നാമത്തിൽ അവരെ പ്രബോധിപ്പിക്കേണം " (യെഹെ. 3:17). 5) അവർ ദൈവത്തെ വിളിച്ചപേക്ഷിക്കേണം. യരുശലേമേ നിന്റെ മതിലുകളിൻ മേൽ ഞാൻ കാവൽക്കാരെ നിയമിച്ചിരിക്കുന്നു; അവർ രാവോ, പകലോ ഒരിക്കലും മിണ്ടാതിരിക്കയില്ല. (യെശ. 62:6).

അവർ നമ്മുടെ മതിലുകളിന്മേൽ നിൽക്കുന്നു, കാവൽ കാക്കുന്നു പ്രാർത്ഥിക്കുന്നു, വരാൻ പോകുന്ന അപകടത്തെക്കുറിച്ചു മുന്നറിയിപ്പ് നൽകുന്നു. അത് ശക്തിമത്തും നിർദ്ദേശപരവും ആയ കാഴ്ചയുടെ സഭ, നമ്മുടെ രാജ്യത്ത് അത് നിലനില്ക്കുന്നു. അതല്ലാതെ പിന്നെ എന്താണ് ? നമ്മുടെ ചുറ്റുപാടും എന്താണ് സംഭവിക്കുന്നത്, ഏതു തരത്തിലുള്ള ആളുകളാണ് വചനം വായിക്കുന്നത്, ദൈവത്തിന്റെ ഹൃദയം അറിയുന്നതിനായി വായിക്കുന്നു. "അടിസ്ഥാനങ്ങൾ മറിഞ്ഞു പോയാൽ നീതിമാൻ എന്തു ചെയ്യും " (സങ്കീ. 11:3). നാം ഭയപ്പെടേണ്ട വിമർശനാത്മകമായ അഥവാ പരാജയത്തിന്റെ ആത്മാവിനെ വേണ്ട. മതിലിന്മേൽ പ്രാർത്ഥിക്കുന്നവനോട് പറയാം.

കാത്തിരിക്കുക, പ്രാർത്ഥിക്കുക

സഭ കാത്തിരുന്ന് പ്രാർത്ഥിച്ചതുപോലെ നാം വരാൻ പോകുന്ന അപകടത്തെക്കുറിച്ച് ബോധവാന്മാരാകേണം. ആത്മികയമായും ശാരീരികമായും അവ നമ്മുടെ രാജ്യത്തിന്മേൽ വരുന്നു. ആ അവബോധം, കാഹളം കരങ്ങളിലെടുക്കുവാൻ നമ്മെ കാരണമാക്കുന്നു. കാഹളം ഊതുന്നത് ഒരു അപകട സൂചനയ്ക്ക് കാരണമാകും. ഈ ഭാഗത്തെക്കുറിച്ച് സംസാരിക്കുന്ന പഴയ നിയമ വേദഭാഗങ്ങളുണ്ട്.

" ഉറക്കെ വിളിക്ക; അടങ്ങിയിരിക്കരുത്; കാഹളം പോലെ നിന്റെ ശബ്ദം ഉയർത്തി, എന്റെ ജനത്തിന് അവരുടെ ലംഘനത്തെയും യാക്കോബ് ഗൃഹത്തന് അവരുടെ പാപങ്ങളെയും അറിയിക്ക " (യെശ. 56:1).

അവർ എന്റെ നിയമത്തെ ലംഘിച്ച് എന്റെ ന്യായപ്രമാണത്തിന് വിരോധമായി അതിക്രമം ചെയ്തതുകൊണ്ട് കാഹളം വായിൽ വയ്ക്കുക; കഴുകനെപ്പോലെ യഹോവയുടെ ആലയത്തിൽ ചാടിവീഴുക (ഹോശ. 8:1).

സീയോനിൽ കാഹളം ഊതുവിൻ; ഒരു ഉപവാസം നയിപ്പിൻ; സഭായോഗം വിളിപ്പിൻ (യോവേൽ 2:15).

നഗരത്തിൽ കാഹളം ഊതുമ്പോൾ ജനം പേടിക്കാതിരിക്കുമോ? യഹോവ വരുത്തിയിട്ടില്ലാതെ നഗരത്തിൽ അനർത്ഥം ഭവിക്കുമോ ? (ആമോ, 3:6).

പഴയനിയമത്തൽ യിസ്രായേൽ ഗോത്രത്തിലെ ആളുകൾ അറിഞ്ഞ്, യിസ്രായേൽ എന്തു ചെയ്യേണമെന്ന് അവർ മനസ്സിലാക്കി കാണുക (1ദിന. 13:22). അതാണ് ഇന്ന് നമ്മുടെ ദൗത്യം. സംശയങ്ങളെ അറി

(ശേഷം 9-ാം പേജിൽ)

(8-ാം പേജിന്റെ തുടർച്ച)

സഭയുടെ പ്രവാചക ദൗത്യം

യേണം. കുറച്ച് മനസിലായ ശേഷം ഓടിപ്പോകരുത്. ഈ സമയം ദൈവത്തിന്റെ ജനം എന്തു ചെയ്യണം എന്ന് അറിയേണം. ഒരു പക്ഷേ സഭക്കു വേണ്ടിയുള്ള ഒരു പ്രായോഗിക പ്രാർത്ഥന യിസായേൽ മക്കൾക്കുവേണ്ടി ദൈവം ഒരുക്കും, സമയങ്ങളെ മനസിലാക്കുക, എങ്ങനെ ആ സമയത്തു ജീവിക്കേണം എന്ന് അറിയുക.

നമ്മിൽ പലരും ഇങ്ങനെ ചെറിയൊരു പ്രാർത്ഥന പ്രാർത്ഥിക്കാറുണ്ട്. “കർത്താവേ, ഞാൻ ജീവിക്കുന്ന കാലഘട്ടത്തെക്കുറിച്ചു പഠിക്കുവാൻ എന്നെ സഹായിക്കേണമേ. മറ്റുള്ളവരുടെ അഭിപ്രായങ്ങളിൽ ആശ്രയിക്കാതെ, എല്ലായ്പ്പോഴും അവിടുത്തെ ഹിതം തേടി, ഞാൻ ജീവിക്കുന്ന ലോകത്തിന് എന്തു സംഭവിക്കാൻ പോകുന്നു എന്ന് അവിടുത്തെ ഹിതം അന്വേഷിക്കുവാൻ എന്നെ സഹായിക്കേണമേ”.

പൗലൊസ് വ്യക്തമായി നമ്മെ പഠിപ്പിക്കുന്നത്, “എന്നാൽ സഹോദരന്മരേ, ആ നാൾ കള്ളൻ എന്ന പോലെ നിങ്ങളെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിനുള്ളവരല്ല; നാം എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു; നാം രാത്രിക്കും ഇരുളിനും ഉള്ളവരല്ല. ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധവുമായിരി”. (1 തെ സ. 4:5,6).

ഇത് അവസാന കാലസംഭവങ്ങളാണ നാം അഭിമുഖീകരിക്കുന്നത്, അഥവാ നമ്മുടെ രാജ്യത്തിന്റെ ന്യായമായ ന്യായവിധികൾ ആണ്, കാവൽക്കാരൻ അതിൽ ബോധവാനല്ല. നമ്മുടെ വിളി എന്നത് കാത്തിരിപ്പും പ്രാർത്ഥനയുമാണ്. ❖

ദൈവത്തിന്റെ വാഗ്ദത്തങ്ങളുടെ വെളിച്ചത്തിൽ പ്രാർത്ഥിക്കുന്നു.

By Rich Carmicheal

ദൈവത്തെ വിശ്വസിക്കുവാനും ദൈവത്തെ അന്വേഷിക്കുവാനും നമ്മുടെ ജീവിതത്തിൽ ഉണർവ്വുണ്ടാകുവാനും, നമ്മുടെ കുടുംബങ്ങളിൽ, നമ്മുടെ സഭകളിൽ, നമ്മുടെ രാജ്യത്ത് ഉണർവ്വുണ്ടാകുവാനും അതിനെ കേന്ദ്രീകരിച്ചു ഈ പതിപ്പ് പ്രസിദ്ധീകരിപ്പാനും കർത്താവ് ചെയ്തുകൊണ്ടിരിക്കുന്ന കൃപയോർത്ത് ആഗമനദൂതൻ സ്റ്റാഫ് അംഗങ്ങൾ വളരെ നന്ദിയുള്ളവരാണ്. അവിടുന്ന് നിങ്ങളുടെ ഹൃദയങ്ങളെ ഈ ലേഖനങ്ങൾ സ്വാധീനിക്കുവാനും ഈ ലേഖനങ്ങളിലൂടെ നടത്തപ്പെടുവാനും കഴിയട്ടെ എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

ഒന്നാമത്തെ പേജിലെ ലേഖനം, “ ലോകത്തിൽ നിങ്ങളുടെ പരിപാടികളിൽ നിന്നും മടങ്ങി വരാനുള്ള സഹായം”, ഹെൻട്രി ബ്ലാക്ക് അബി നമ്മെ ഓർമ്മിപ്പിക്കുന്നത്. ലളിതമായി, എന്നാൽ യാഥാർത്ഥ്യത്തോടുകൂടി, ദൈവത്തിന്റെ ജനം പ്രാർത്ഥിക്കുമ്പോൾ, ദൈവം കേൾക്കുന്നു, പ്രതികരിക്കുന്നു. വലിയ വ്യത്യാസങ്ങൾ കൊണ്ടു വരുന്നു. നമ്മുടെ ജീവിതത്തൽ ആയിരുന്നാലും നമ്മുടെ ചുറ്റുപാടുകളിൽ ആയിരുന്നാലും നമ്മുടെ രാജ്യത്തിൽ ആയിരുന്നാൽ പോലും വലിയ വ്യത്യാസങ്ങൾ കൊണ്ടു വരുന്നു. ഇത് സത്യം എന്ന് നാം അറിയുന്നു. കാരണം, ദൈവം വാഗ്ദത്തം ചെയ്തതുപോലെ ശക്തിയായി പ്രവർത്തിക്കുന്നു. താഴെകൊടുത്തിരിക്കുന്ന വാഗ്ദത്തം പോലെ:

“ എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെതന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും” (2ദിന. 7:14).

“ നിങ്ങൾ പ്രത്യാശിക്കുന്ന ശുഭ ഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മക്കല്ല നന്മക്കാത്രേയുള്ളൂ. നിരൂപണങ്ങൾ എന്ന് യഹോവയുടെ അരുളപ്പാട്”. നിങ്ങൾ എന്നോട് അപേക്ഷിച്ചു എന്റെ സന്നിധിയിൽ വന്നു പ്രാർത്ഥിക്കയും ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കയും ചെയ്യും. നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും (യിരെ. 29:11-13).

“ നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തുതരും” (യോഹ. 14:13).

“ അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക” (എബ്രാ. 4:16).

എത്ര വിശ്വനീയായ വാഗ്ദത്തങ്ങൾ! നമുക്ക് നിശ്ചയമായും ആശ്രയിക്കാവുന്നത് (ദൈവത്തിന്റെ വാഗ്ദത്തങ്ങൾ) കാരണം, “വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ” (എബ്രാ. 10:23). വാഗ്ദത്ത നിവർത്തി എന്നുള്ളത് തന്റെ അടിസ്ഥാന ഗുണങ്ങളിൽ ഒന്നാണ്. നിന്റെ വിശ്വസ്തത വലിയതാകുന്നു. അടിസ്ഥാന ഗുണങ്ങളിൽ ഒന്നാണ്. നിന്റെ വിശ്വസ്ത വലിയതാകുന്നു (വിലാ. 3:23, 2തിമൊ. 2:13). ദൈവത്തിന്റെ വിശ്വസ്തത അവിടുത്തെ ചുറ്റുപാടും ഉണ്ട് (സങ്കീ. 89:8). ഇത് മേഘങ്ങളോളവും എത്തുന്നു (36;15). ഇത്, “നിന്റെ വിശ്വസ്തത തലമുറതലമുറയോളവും ഇരിക്കുന്നു. (119:90). നാം പ്രാർത്ഥിക്കുമ്പോൾ, നാം നിശ്ചയമായി അറിയുന്നു. തന്റെ നീതിയിലും (143:1). തന്റെ വിശ്വസ്തതയിലും അവിടുന്ന് മറുപടി തരും. അതുകൊണ്ട് നമുക്കു വലിയ വിശ്വാസത്തോടും പ്രതീക്ഷയോടും പ്രാർത്ഥിക്കാം.

ദൈവം തന്റെ അടുക്കലേക്ക് അടുപ്പിക്കുമ്പോൾ

വാഗ്ദത്തത്തോടുള്ള ബന്ധത്തിൽ ഹെൻട്രി ബ്ലാക്ക് അബി ചോദിക്കുന്ന ബുദ്ധിപരമായ ചോദ്യം “ദൈവത്തോട് അടുത്തു ചെല്ലുവിൻ അവൻ നിങ്ങളോട് അടുത്തുവരും” (യാക്കോ. 4:8). അവൻ സ്ഥാപിക്കുന്നത്, ദൈവം വ്യക്തമായി പറയുന്നു നാം പ്രതികരിക്കുമ്പോൾ അവിടുന്ന് പ്രതികരിക്കും, അപ്പോൾ എന്തുകൊണ്ട് നാം അടുത്തു ചെല്ലുന്നില്ല, അവിടുന്ന് നമ്മോട് അടുത്തു വരുന്നതുവരെ എന്തുകൊണ്ട് അവിടുത്തേയ്ക്ക് കാത്തു നിൽക്കുന്നില്ല, തന്റെ സാന്നിദ്ധ്യം അക്ഷരീകമായി കാര്യങ്ങളെ വ്യത്യാസപ്പെടുത്തുന്നില്ല”?

ഒരു നിമിഷം ചിന്തിക്കുക, ദൈവം തന്നിലേക്ക് അടുപ്പിക്കുമ്പോൾ എന്തു സംഭവിക്കും. അവിടുന്ന് വരുമ്പോൾ, തന്റെ ശക്തിയോടെ വരുന്നു,

(ശേഷം 10-ാം പേജിൽ)

(9-ാം പേജിന്റെ തുടർച്ച)

ദൈവത്തിന്റെ വാഗ്ദത്തങ്ങളുടെ വെളിച്ചത്തിൽ പ്രാർത്ഥിക്കുന്നു.

തന്റെ ബലത്തോടെ തന്റെ ജീവനോടെ തന്റെ വിശുദ്ധിയോടെ തന്റെ സ്നേഹത്തോടെ തന്റെ സമാധാനത്തോടെ തന്റെ സന്തോഷത്തോടെ തന്റെ വെളിച്ചത്തോടെ തന്റെ രക്ഷയോടെ തന്റെ വിജയത്തോടെ തന്റെ വിടുതലോടെ, തന്റെ സൗഖ്യത്തോടെ, തന്റെ കരുതലോടെ, തന്റെ സംരക്ഷണത്തോടെ, തന്റെ ആശ്വാസത്തോടെ,, തന്റെ സത്യത്തോടെ, തന്റെ കൃപയോടെ, തന്റെ കരുണയോടുംകൂടെ. തന്നിലേക്ക് നമ്മെ അടുപ്പിക്കുമ്പോൾ ഉള്ള വ്യത്യാസം! നാം രക്ഷിക്കപ്പെട്ടിരിക്കുന്നു. നമ്മെ നിർത്തിയിരിക്കുന്നു. സ്വതന്ത്രരാക്കി, ധൈര്യപ്പെടുത്തി, ശക്തീകരിച്ചു, പുതുക്കൽ, ഉണർത്തിയിരിക്കുന്നു. അവിടുത്തെ സാന്നിദ്ധ്യവും ദൈവത്തിന്റെ ശക്തിയും നമുക്കും നമുക്കു ചുറ്റുമുള്ള മറ്റുള്ളവർക്കും ആവശ്യമില്ലേ? പിന്നെ എന്തുകൊണ്ട് അടുത്തു ചെല്ലുന്നില്ല, എന്തുകൊണ്ട് കാത്തിരിക്കുന്നില്ല, അവൻ നമ്മോടു അടുത്തു വരുന്നതുവരെ കാത്തു നിൽക്കുന്നില്ല.

ആദിമ വിശ്വാസികൾ ദൈവത്തിന്റെ സാന്നിദ്ധ്യവും ശക്തിയും അവർക്കാവശ്യമുണ്ട് എന്നറിഞ്ഞു. അതുകൊണ്ട് അവിടുത്തേക്കു വേണ്ടി കാത്തിരുന്നു. അവരുടെ ഹൃദയങ്ങളെ പ്രാർത്ഥനയിൽ അവിടുത്തെ സന്നിധിയിൽ പകർന്നു. ശ്രദ്ധിക്കുക, ഉദാഹരണമായി, പത്രോസിനെയും യോഹന്നാനെയും പിടിച്ചതും സ്വതന്ത്രമാക്കിയതിലും ദൈവത്തിന്റെ പ്രതികരണം നമുക്കു കാണാം. അതു കേട്ടിട്ട് അവർ ഒരുമനപ്പെട്ട് ദൈവത്തോട് നിലവിളിച്ചു പറഞ്ഞത്: ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ നാഥനേ, " ജാതികൾ കലഹിക്കുന്നതും വംശങ്ങൾ വ്യർത്ഥമായതും നിരൂപിക്കുന്നതും എന്ത്? ഭൂമിയിലെ രാജാക്കന്മാർ അണിനിരക്കുകയും അധിപതികൾ കർത്താവിന് വിരോധമായി അവന്റെ അഭിഷിക്തനു വിരോധമായും ഒന്നിച്ചു കൂടുകയും ചെയ്തിരിക്കുന്നു. എന്ന് നിന്റെ ദാസനായ ദാവീദ് മുഖാന്തരം പരിശുദ്ധാത്മാവിനാൽ അരുളിചെയ്തവനേ, നീ അഭിഷേകം ചെയ്തു യേശു എന്ന നിന്റെ പരിശുദ്ധ ദാസന് വിരോധമായി ഹെരോദാവും പൊന്തിയോസ് പീലാത്തോസും ജാതികളുടെ യിസ്രായേൽ ജനവുമായി ഈ നഗരത്തിൽ ഒന്നിച്ചുകൂടി സംഭവിക്കേണം എന്ന് നിന്റെ കയ്യും നിന്റെ ആലോചനയും മുന്നിയമിച്ചതൊക്കെയും ചെയ്തിരിക്കുന്നു സത്യം. ഇപ്പോഴോ കർത്താവേ അവരെ നോക്കേണമേ. സൗഖ്യമാക്കുവാൻ നിന്റെ കൈനീട്ടുന്നതിനാലും നിന്റെ പരിശുദ്ധദാസനായ യേശുവിന്റെ നാമത്താൽ അത്ഭുതങ്ങളും അടയാളങ്ങളും ഉണ്ടാകുന്നതിനാലും നിന്റെ വചനം പൂർണ്ണ ധൈര്യത്തോടും കൂടെ പ്രസ്താവിപ്പാൻ നിന്റെ ദാസന്മാർക്കു കൃപ നൽകേണമേ. ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി; എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു " പ്രവൃത്തി (4:24-31). അവർ ദൈവത്തിങ്കലേക്ക് അടുത്തുചെന്നു, അവിടുന്ന് അവരുടെ അടുക്കലേക്ക് ചെന്നു.

നെഹെമ്യാവിന്റെ ഉദാഹരണം നമ്മുടെ മനസിലേക്ക് വരുന്നു. ആ സമയം താൻ പേർഷ്യൻ പ്രവാസത്തിലായിരുന്നു. ആ സമയം യിസ്രായേലിന് വലിയ കഷ്ടവും പ്രയാസങ്ങളും ആയിരുന്നു. യെരുശലേമിന്റെ മതിലുകൾ പൊളിച്ചും തീവെച്ചു ചുട്ടും കിടന്നു. അദ്ദേഹം ആ സമയം എന്താണ് ചെയ്തത്? എല്ലാറ്റിനായും അദ്ദേഹം ദൈവത്തിന്റെ അടുക്കലേക്ക് ചെന്നു. അദ്ദേഹം ഉപവസിച്ചു, അദ്ദേഹം പ്രാർത്ഥിച്ചു. അദ്ദേഹം പാപങ്ങളെ ഏറ്റു പറഞ്ഞു (നെഹെ. 14-7). ദൈവത്തിന്റെ വാഗ്ദത്തങ്ങളെ തനിക്ക് ഓർമ്മ വന്നു. നിങ്ങൾ ദ്രോഹം ചെയ്താൽ ഞാൻ നിങ്ങളെ ജതികളുടെ ഇടയിൽ ചിന്നിച്ചുകളയും; എന്നാൽ നിങ്ങൾ എങ്കലേക്ക് തിരിഞ്ഞ് എന്റെ കല്പനകളെ പ്രമാണിച്ച് അവയെ അനുസരിച്ച് നടന്നാൽ നിങ്ങളുടെ ഭ്രഷ്ടന്മാർ ആകാശത്തിന്റെ അറുതിവരെ എത്തിയിരുന്നാലും ഞാൻ അവിടെ നിന്ന് അവരെ ശേഖരിച്ചു. എന്റെ നാമം സ്ഥാപിപ്പാൻ ഞാൻ തെരഞ്ഞെടുത്ത സ്ഥലനത്തു കൊണ്ടുവരും എന്ന് നിന്റെ ദാസനായ മോശെയോട് നീ അരുളിചെയ്ത വചനം ഓർക്കേണമേ ". നെഹെമ്യാവ് (1:8,9).

സംഗതി അസാധ്യമാണെന്ന് നെഹെമ്യാവ് മനസിലാക്കി, ദൈവത്തിന്റെ വാഗ്ദത്തം ശക്തമായി പ്രവർത്തിക്കുമെങ്കിൽ ആളുകൾ തങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിങ്കലേക്ക് ഉയർത്തുവാൻ കാരണമായിത്തീരും. ദൈവം അങ്ങനെ കാരണമായിത്തീരും. ദൈവം അങ്ങനെ ചെയ്യുവാൻ തീരുമാനിച്ചു, മറ്റുള്ളവർ ദൈവത്തെ ഭയപ്പെടുവാനിടയായി. എന്താണ് ഫലം? തന്റെ വാഗ്ദത്തം പോലെ ജനത്തോട് ഇടപെട്ടു! അവിടുന്ന് നെഹെമ്യാവിനെ യരുശലേമിലേക്ക് അയച്ചു, രാജാവിന്റെ ഭയത്തോടും കരുതലോടുംകൂടെ അയച്ചു, അവിടുന്ന് തന്റെ ജനത്തെ ശത്രുവിന്റെ കയ്യിൽ നിന്നും വിടുവിച്ചു, അവിടുന്ന് അവരെ വേലക്കു വേണ്ടി വേണ്ടി ശക്തീകരിച്ചു, അവിടുന്ന് അവരെ മതിൽ പണിക്ക് ബലപ്പെടുത്തി. തന്റെ വചനത്തെ അവർക്കു വേണ്ടി ഉദ്ധരിച്ചു, അവരുടെ ജീവിതങ്ങളെ സന്തോഷത്താൽ നിറെച്ചു. മറ്റൊരു നിലയിൽ പറഞ്ഞാൽ അവർ ദൈവത്തോട് അടുത്തു ചെന്നു അവിടുന്ന് അവരോട് അടുത്തുവന്നു.

തീർച്ചയായും വേദപുസ്തകത്തിൽ അനവധി ഉദാഹരണങ്ങൾ സഭാ ചരിത്രത്തിലുടനീളം നമുക്ക് കാണുവാൻ കഴിയും. ഒരു ദൈവമനുഷ്യൻ, അതല്ലെങ്കിൽ ഒരു ഗ്രൂപ്പു ദൈവമക്കൾ, അവരുടെ ആപത്തു വേളകളിൽ പൂർണ്ണ ഹൃദയത്തോടെ ദൈവത്തിങ്കലേക്ക് നോക്കുമ്പോൾ, അവർക്കായി ഇടപെട്ട് അത്ഭുതകരമായ വഴികൾ അവർക്ക് തുറന്നു കൊടുത്തിട്ടുണ്ട്. ഇന്നും കർത്താവ് അങ്ങനെ ചെയ്യുന്നു. നമ്മുടെ ജീവിതങ്ങളിൽ സഭകളിൽ, നമ്മുടെ രാജ്യത്ത് ഇതുപോലെ അസാധ്യമെന്നു തോന്നുന്ന കാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഏതു പ്രയാസമുള്ള കാര്യമായിരുന്നാലും ദൈവം പരിഹരിക്കും! " അയ്യോ യഹോവയായ കർത്താവേ, നിന്റെ മഹാശക്തികൊണ്ടും നീട്ടിയ ഭുജംകൊണ്ടും നീ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കി. നിനക്ക് അസാധ്യമായത് ഒന്നുമില്ല (യിരെ. 32:7). അത് മനുഷ്യർക്ക് അസാദ്ധ്യം എങ്കിലും ദൈവത്തിന് സകലവും സാദ്ധ്യം എന്നു പറഞ്ഞു " (മത്താ.19:26).

നമ്മുടെ പ്രാർത്ഥനയിലൂടെ പ്രവർത്തിക്കുവാൻ കർത്താവ് കാത്തിരിക്കുന്നു.

(ശേഷം 11-ാംപേജിൽ)

(10-ാം പേജിന്റെ തുടർച്ച)

ദൈവത്തിന്റെ വാഗ്ദത്തങ്ങളുടെ വെളിച്ചത്തിൽ പ്രാർത്ഥിക്കുന്നു.

ഈ നാളുകളിൽ നമുക്കു വേണ്ടി അസാധാരണമായ പ്രവൃത്തികൾ ചെയ്യുമോ? തീർച്ചയായും! അവിടുത്തേക്ക് കഴിയും എന്ന് മാത്രമല്ല, നമ്മുടെ ഹൃദയങ്ങളെ പൂർണ്ണമായി വിട്ടു കൊടുത്തു പ്രാർത്ഥിക്കും എങ്കിൽ അവടുന്ന് നമ്മെ പ്രാർത്ഥനയ്ക്കായി ക്ഷണിക്കുന്നു, പ്രാർത്ഥനയ്ക്കായി വിളിക്കുന്നു, ആര് പ്രാർത്ഥിക്കും എന്ന് ജനത്തെ ശോധന ചെയ്യുന്നു, കാരണം, പ്രാർത്ഥിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ അവിടുന്ന് കാത്തിരിക്കുന്നു.

അവിടെ ചോദ്യത്തിന് ഇടമില്ല, അതുകൊണ്ട് ദൈവജനം തങ്ങളെത്തന്നെ പൂർണ്ണമായി സമർപ്പിച്ചു പ്രാർത്ഥിക്കുമെങ്കിൽ, നമ്മുടെ ജീവിതത്തിലും ചുറ്റുപാടുള്ളവർക്കും ആഴമായുള്ള ദൈവപ്രവൃത്തി കാണാൻ കഴിയും. ഈ സമയമല്ലേ, അപ്പോൾ, തരിശുനിലങ്ങളെ നമുക്കു ഉഴാം. ദൈവത്തെ അന്വേഷിക്കാം, അവിടുന്ന് വന്നു നീതിയുടെ മഴ നമ്മുടെമേൽ പകരുകയില്ലയോ?

❖

ദാനിയേലിന്റെ ഉണർവ്വിനായുള്ള പ്രാർത്ഥന രാജ്യത്തിന്റെ ചരിത്രത്തെ മാറ്റിയെതുന്നു

ദാനിയേലിന്റെ പ്രാർത്ഥനയിലും ഏറ്റു പറച്ചിലിലും താൻ പറയുന്നത്, “ അപ്പോൾ ഞാൻ ഉപവസിച്ചും രട്ടുടുത്തും വെണ്ണീരിൽ ഇരുന്നും കൊണ്ട് പ്രാർത്ഥനയോടും യാചനകളോടുകൂടെ അപേക്ഷിക്കേണ്ടതിന് ദൈവമായ കർത്താവിങ്കലേക്ക് മുഖം തിരിച്ചു. എന്റെ ദൈവമായ യഹോവയോടു ഞാൻ പ്രാർത്ഥിച്ചു ഏറ്റുപറഞ്ഞതെന്തെന്നാൽ തന്നെ സ്നേഹിക്കുന്നവർക്കും തന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കും നിയമവും ദയയും പാലിക്കുന്നവനായി, മഹാനും ഭയങ്കരനുമായ ദൈവമായ കർത്താവേ, ഞങ്ങൾ പാപം ചെയ്തു, വികടമായി നടന്നു, ദുഷ്ടത പ്രവർത്തിച്ചു; ഞങ്ങൾ മത്സരിച്ചു നിന്റെ കല്പനകളും വിട്ടുമാറിയിരിക്കുന്നു. ഞങ്ങളുടെ രാജാക്കന്മാരോടും പ്രഭുക്കന്മാരോടും പിതാക്കന്മാരോടും ദേശത്തിലെ സകല ജനത്തോടും നിന്റെ നാമത്തിൽ സംസാരിച്ച നിന്റെ ദാസന്മാരായ പ്രവാചകന്മാരുടെ വാക്കുകൾ ഞങ്ങൾ കേട്ടനുസരിച്ചതുമില്ല. ഞങ്ങളുടെ ദൈവമായ കർത്താവിന്റെ പക്കൽ കരുണയും മോചനവും ഉണ്ട്. ഞങ്ങളുടെ ദൈവമായ കർത്താവേ അടിയന്റെ പ്രാർത്ഥനയും യാചനയും കേട്ട് ശൂന്യമായിരിക്കുന്ന നിന്റെ വിശുദ്ധമന്ദിരത്തിന്മേൽ കർത്താവിൻ നിമിത്തം തിരുമുഖം പ്രകാശിക്കുമാറാക്കേണമേ..... എന്റെ ദൈവമേ ചെവി ചായിച്ച് കേൾക്കേണമേ; കണ്ണു തുറന്നു ഞങ്ങളുടെ നാശങ്ങളെയും നിന്റെ നാമം വിളിച്ചിരിക്കുന്ന നഗരത്തെയും കടാക്ഷിക്കേണമേ; ഞങ്ങൾ ഞങ്ങളുടെ നീതിപ്രവൃത്തികളിൽ അല്ല, നിന്റെ മഹാകരുണയിൽ അത്രേ ആശ്രയിച്ചുകൊണ്ട് ഞങ്ങളുടെ യാചനകളെ തിരുസന്നിധിയിൽ ബോധിപ്പിക്കുന്നു. കർത്താവേ, കേൾക്കേണമേ; കർത്താവേ ക്ഷമിക്കേണമേ കർത്താവേ ചെവികൊണ്ട് പ്രവർത്തിക്കേണമേ; എന്റെ ദൈവമേ നിന്നെത്തന്നെ ഓർത്തു താമസിക്കരുതേ; നിന്റെ നാമം വിളിച്ചിരിക്കുന്നുവല്ലോ” (ദാനി. 9:3-19).

ലോകത്തിലുടനീളം ഉള്ള സഭയിൽ ഒരു ആത്മിക ഉണർവ്വു ഞങ്ങൾ അന്വേഷിക്കുന്നു, ഉണർവ്വിനുവേണ്ടിയുള്ള ശക്തമായ പ്രാർത്ഥനയിൽ ഞങ്ങൾ പിൻതുടരും. ഈ മാതൃക പ്രാർത്ഥനയിൽ പ്രാർത്ഥനയെക്കുറിക്കുന്ന ഏഴു അടിസ്ഥാന തത്വങ്ങൾ കാണാം.(1) ദാനിയേൽ തന്റെ പ്രാർത്ഥനയിൽ ദൈവവചനത്തെ ആധാരമാക്കി. ദൈവത്തിന്റെ സമയം ആയിരിക്കുന്നു എന്ന് താൻ പുസ്തകങ്ങളിൽ നിന്നും മനസിലാക്കി. നാമും ഉണർവ്വിനു വേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയിൽ തിരുവചനത്തെ ആധാരമാക്കേണ്ടതാണ്. പൗലൊസിന്റെയും യേശുകർത്താവിന്റെയും ഉണർവ്വിനുവേണ്ടിയുള്ള പ്രാർത്ഥനകളും നമ്മുടെ കുടുംബങ്ങളുടെ ക്ഷേമത്തിനും സഹായമാവുന്നതാണ്. സുവിശേഷീകരണ പ്രാർത്ഥനകൾ ലേഖനങ്ങളിൽ ലഭ്യമാണ്. വെളിപ്പാടു പുസ്തകത്തിലെ ഏഴും സഭകൾക്കുള്ള ഏഴു ദൂതുകളും അതിലെ പ്രസ്താവനകളും “ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു ” എന്നത് ശ്രദ്ധേയമാണ്. ദൈവവചന പ്രകാരം നിങ്ങൾ പ്രാർത്ഥിക്കുമെങ്കിൽ നമ്മുടെ പ്രാർത്ഥന അനുഗ്രഹമായിത്തീരും. (2) ഉണർവ്വിനുവേണ്ടിയുള്ള ദാനിയേലിന്റെ പ്രാർത്ഥനയിൽ പാപങ്ങളെ ഏറ്റു പറഞ്ഞിട്ടുള്ള പ്രാർത്ഥനയാണെന്ന് കാണാൻ കഴിയും. താൻ പറഞ്ഞു, ഞങ്ങൾ പാപം ചെയ്തു ദുഷ്ടത പ്രവർത്തിച്ചു നിന്റെ വിധികളെ വിട്ടുമാറി നിന്റെ ദാസന്മാരെ തള്ളിക്കളഞ്ഞു. ” സമാനമായ ഏറ്റു പറച്ചിലുകൾ ഉണ്ടാകേണം. നമ്മുടെ രാഷ്ട്രത്തിനുവേണ്ടിയുള്ള സഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥനയിൽ പാപങ്ങളെ ഏറ്റു പറഞ്ഞു പ്രാർത്ഥിക്കേണം.

അനുതാപത്തോടെയുള്ള പ്രാർത്ഥന ഉണർവ്വിന് കാരണമായിത്തീരും. താഴ്മയുള്ള ഹൃദയത്തോടും തകർന്ന ഹൃദയത്തോടും സഭയ്ക്ക് വേണ്ടിയും രാജ്യത്തിനുവേണ്ടിയും പ്രാർത്ഥിക്കേണ്ടതാണ്.

(3)ദാനിയേൽ താഴ്മയോടും രട്ടുടുത്തും കൊണ്ട് പ്രാർത്ഥിച്ചു. താഴ്മയുള്ള പ്രാർത്ഥന തന്റെ ജനത്തോട് ദൈവം അടുത്തുവരുവാൻ കാരണമാകുന്നു. ആത്മാവും ശരീരവും രട്ടു ശീലയിൽ തൂങ്ങിക്കിടക്കുവാനിടയായിത്തീരും. ചെയ്യുന്ന പാപത്തിന്റെ വലിയ കുറ്റം അവരുടെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ വലിയ താഴ്മയ്ക്ക് കാരണമാകുന്നു. ഉണർവ്വിന്റെ പ്രാർത്ഥനയൊരു താഴ്മ പ്രാർത്ഥനയായിരിക്കേണം. (4) ദാനിയേലിന്റെ ഉണർവ്വിനായുള്ള പ്രാർത്ഥന എന്നത് കരുണക്കുവേണ്ടിയുള്ള ഒരു അത്യാവശ്യ പ്രാർത്ഥനയായിരുന്നു. ദിവ്യ നീതിയിൽ രക്ഷയുടെ പ്രത്യാശയും ദൈവത്തിന്റെ മഹാകരുണയിൽ അത്രെ നമ്മുടെ പ്രത്യാശ യാർത്ഥ്യമായിരിക്കുന്നത്. അവന്റെ കരുണ എന്നേക്കുമുള്ളത്. (സങ്കീ. 136). (5) ദാനിയേലിന്റെ പ്രാർത്ഥന ദൈവത്തിന്റെ നീതിയിൽ അധിഷ്ഠിതമായ പ്രാർത്ഥനയാണ്. ന്യായപ്രമാണം നീതീകരിക്കപ്പെടുന്നില്ല. ക്രിസ്തു, ന്യായപ്രമാണം നിറവേറ്റി, അവിടുന്ന് നമ്മുടെ നീതിയും നമ്മുടെ ആത്മീയ ജീവിതത്തിന്റെ പ്രത്യാശയുമാണ്. അവിടുന്ന് നമുക്ക് ആശ്വാസമാണ്, “ ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളയുവാൻ തക്കവണ്ണം അനീതിയുള്ളവനല്ല ” (എബ്രാ. 6:10). ദൈവം നമുക്കു ആശ്രയസ്ഥാനമാണ്. അവിടുത്തെ

(ശേഷം 12-ാംപേജിൽ)

(11-ാംപേജിന്റെ തുടർച്ച)

ദാനിയേലിന്റെ ഉണർവ്വിനായുള്ള പ്രാർത്ഥന രാജ്യത്തിന്റെ ചരിത്രത്തെ മാറ്റിയെതുന്നു

നീതിയും സത്യവും കൃപാസനത്തോടടുത്തു വരുവാൻ നമ്മെ സഹായിക്കുന്നു. അവിടെ നിന്നും കൃപയും കരുണയും ആവശ്യങ്ങളുടെ മുഖത്ത് പ്രാപിപ്പാൻ നമ്മെ സഹായിക്കുന്നു. (6) ദാനിയേലിന്റെ പ്രാർത്ഥന, ഉണർവ്വ് അയക്കുവാൻ ദൈവത്തെ നിർബ്ബന്ധിക്കുന്നു, യിസ്രായേൽ കോപപാത്രമായും ദൈവത്തിന്റെ ഭവനം മലിനവും ആയിത്തീർന്നു. ദൈവത്തിനു ക്ഷമിക്കുവാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു, നാം കർത്താവിനുവേണ്ടി പ്രാർത്ഥിക്കുന്നു, സഭയ്ക്കുവേണ്ടി തന്റെ ജനത്തിനുവേണ്ടി, ആർക്കുവേണ്ടി കർത്താവു മരിച്ചോ, അവർ ക്കുവേണ്ടി, ദൈവത്തിന്റെ ഹൃദയത്തിൽ നാം ഒരു നിർബ്ബന്ധം ചെലുത്തുന്നു.

ദാനിയേലിന്റെ ഉണർവ്വിനുവേണ്ടിയുള്ള പ്രാർത്ഥന വിജയം കണ്ടു. ദൈവത്തിന്റെ വചനത്തിൽ അടിസ്ഥാനപ്പെട്ടും ദൈവത്തിന്റെ മഹത്വത്തിനായും ഉള്ള നീതിമാന്റെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കും. താഴ്മയോടുള്ള പ്രാർത്ഥന, ത്യാഗപരമായുള്ള പ്രാർത്ഥന, അനുതാപത്തോടുകൂടിയ പ്രാർത്ഥന, മുഴു ഹൃദയത്തോടെയുള്ള ഉണർവ്വിന്റെ പ്രാർത്ഥന തുടരാം. ഇതുപോലുള്ള പ്രാർത്ഥനകൾ, കൂട്ടായ ഉപവാസം, കാരണം യേശുക്രിസ്തുവിന്റെ രക്തത്തിന്റെ വിലയായ ദൈവത്തിന്റെ വലത്തുഭാഗത്ത് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്ന കർത്താവിന്റെ പ്രാർത്ഥന - എല്ലാറ്റിനും മറുപടി ലഭിക്കും (യാക്കോ. 5:16; എബ്രാ. 7:25).

ഉപവാസത്തോടെ പ്രാർത്ഥിക്കുക, രട്ടുടുത്തു പ്രാർത്ഥിക്കുക, ദാനിയേൽ യിസ്രായേലിനുവേണ്ടി പ്രാർത്ഥിച്ചതുപോലെ ദൈവ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. മുഖപക്ഷം നോക്കാതെ മറുപടി നൽകുന്ന ദൈവത്തോട് നീതിമാനും വിശുദ്ധനും ആയ ദൈവത്തോട് ഉണർവ്വിനുവേണ്ടി രാജ്യവ്യാപകമായി, സഭയായി, ലോകവ്യാപകമായി പ്രാർത്ഥനകൾക്ക് മറുപടി കിട്ടും.

ദാനിയേലിന്റെ പ്രാർത്ഥന പ്രചോദനമായിട്ട് നിങ്ങൾ പ്രാർത്ഥിക്കുകയാണോ? ദിവ്യമായ കരുണക്കു വേണ്ടി താഴ്മയോടെ അനുതാപത്തോടും നിങ്ങൾ പ്രാർത്ഥിക്കുന്നുവോ? ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ഓർമ്മിപ്പിച്ചു നിങ്ങൾ പ്രാർത്ഥിക്കുമോ, ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ കഴിയുന്നവനോട് പ്രാർത്ഥിക്കുമോ? (എഫെ. 3:20)

നിങ്ങളുടെ രാജ്യത്തിനുവേണ്ടി, ആത്മിക ഉണർവ്വുണ്ടാകുന്നതിനുവേണ്ടി, സഭയിൽ ഒരു ഉണർവ്വിനുവേണ്ടി കർത്താവും ദൈവവുമായവങ്കലേക്ക് കണ്ണുകളുയർത്തി പ്രാർത്ഥിക്കുമോ? ❖

അമേരിക്കയ്ക്ക് വേണ്ടിയുള്ള പ്രാർത്ഥന

ഈ വർഷം അമേരിക്കക്കുവേണ്ടി ഒരു ഓർമ്മ പ്രാർത്ഥന നടത്തുവാൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തെക്കുറിച്ചുള്ള ഓർമ്മ പ്രാർത്ഥനയായി നടത്തുവാൻ താല്പര്യപ്പെടുന്നു. കർത്താവിന് ഒരു ന്ദിയർപ്പണമായി നടത്തുന്നു, തന്റെ അനവധിയായ അനുഗ്രഹങ്ങൾ രാജ്യത്തിന്മേൽ പകർന്നു നൽകിയതിനായി, അനേകർക്ക് ഒരു അനുഗ്രഹമായും രാജ്യത്തെ ദൈവം ഉപയോഗിച്ചുകൊണ്ടിരിക്കുന്നതിനായും പ്രാർത്ഥിക്കുന്നു. ഇത് ഒരു പ്രാർത്ഥനയുടെയും ആത്മിക ഉണർവ്വിന്റെയും അവസരമാക്കുന്നതിനും അനവധി ആളുകൾ തങ്ങളും ദൈവത്തിങ്കലേക്കും അവിടുത്തെ വചനത്തിലേക്കും മടങ്ങി വരുന്നതിനായും പ്രാർത്ഥിക്കുന്നു. ദൈവത്തിന് നന്ദിയർപ്പിക്കുവാൻ നിങ്ങളും ചേരുമോ, അവിടുത്തെ അനുഗ്രഹത്തിനും, കരുണയ്ക്കും, ന്യായവിധിയിൽ ആകാതെ കാക്കുന്നതിനും എന്നാൽ അനുതാപത്തിലേക്കും നീതിയിലേക്കും ഉണർവ്വിലേക്കും നടത്തേണ്ടതിനും വേണ്ടി പ്രാർത്ഥിക്കുമല്ലോ?

അതിനു സഹായകമായി ചില നിർദ്ദേശങ്ങൾ രാജ്യത്തിന്റെ പ്രാർത്ഥനാ ദിനം എന്ന ഒരറിയിപ്പു കൊടുത്തിട്ടുണ്ട്. 1863-ൽ പ്രസിഡന്റ് എബ്രഹാം ലിങ്കൺ വിളബരം ചെയ്ത ഒരു രാജ്യവ്യാപകമായ പ്രാർത്ഥന നിങ്ങൾക്കും പ്രോത്സാഹനം ആയിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ❖

പരസ്പരം ധൈര്യപ്പെടത്തൽ

ആഗമനദൂതന്റെ പ്രവർത്തനങ്ങൾ എല്ലായ്പ്പോഴും നിങ്ങളുടെ ജീവിതത്തിൽ പ്രോത്സാഹനത്തിനും, ആത്മീയ അനുഗ്രഹത്തിനും സജീകരണത്തിനും കാരണമാകട്ടെ! പരിശുദ്ധാത്മാവിന്റെ ഒരു കവിഞ്ഞൊഴുക്കും തന്റെ ജീവനും നമ്മുടെമേൽ പകരുവാൻ, കർത്താവിനോടു കൂടെയുള്ള നിങ്ങളുടെ നടപ്പിലും നിങ്ങളുടെ ശുശ്രൂഷയിലും അവിടുത്തെ സാന്നിദ്ധ്യം കൂടെയിരിക്കുവാനും ഞങ്ങൾ പ്രാർത്ഥിക്കുന്നു. തക്ക സമയത്തു നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്കും അനുഗ്രഹമാകും! നിങ്ങളിൽ നിന്നും കേൾക്കുവനായി ഞങ്ങൾക്ക് അതിയായ ആഗ്രഹമുണ്ട്. ❖